# FMPB മിത്രസമാചാർ

(for private circulation only)

വാല്യം **14** ലക്കം **12** ഡിസംബർ 2024

**"അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി" ഫിലിപ്പിയർ. 2:6,7**

# ദൈവപുത്രൻ അവതരിച്ചു



## അത്തരമൊരു സ്നേഹത്തിനു ഞാൻ ആരാകുന്നു

ഞാൻ ആര്

2 ശമുവേൽ 7:18



# ആമുഖം ...

## ദൈവം മനുഷ്യനായി

ഈ വർഷം മുഴുവൻ ഞാൻ ആരാകുന്നു എന്ന വിഷയമാണ് ധ്യാനിച്ചത്. ദൈവം മനുഷ്യനായി തീർന്നത് ഈ ക്രിസ്തുമസ് കാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ആഴമായ സത്യത്തെക്കുറിച്ചു നമുക്കു ഒരുമിച്ചു ചിന്തിക്കാം. മറ്റൊരാളുടെ വികാരങ്ങൾ മനസ്സിലാക്കുന്നതിനായി അവരുടെ സ്ഥാനത്ത് നമ്മെ പ്രതിഷ്ഠിക്കുന്നതിനെയാണ് സഹാനുഭൂതി എന്നു വിളിക്കുന്നത്. ഒരു ദൈവഭക്തൻ ഇതിനെ ഇപ്രകാരം വിശദമാക്കി, 'യേശു എന്റെ ചെരുപ്പിൽ നടക്കുന്നു.' മനുഷ്യന്റെ ആവശ്യങ്ങൾ ശരിക്കും അനുഭവിക്കുവാൻ, കഷ്ടപ്പാടുകൾക്ക് സാക്ഷ്യം വഹിച്ചാൽ മാത്രം പോരാ നാം അതിലേക്ക് പ്രവേശിക്കണം. അതിനാലാണ് ദൈവം മനുഷ്യ രൂപം ധരിച്ച് നമ്മോടുകൂടെ നടന്ന് നമ്മുടെ അനുഭവങ്ങൾ പങ്കുവെച്ചത്. യോഹന്നാൻ 1:14 ൽ പറയുന്നു, വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു!

നമ്മെ വീണ്ടെടുക്കുവാനായി ദൈവം എങ്ങനെ മൂന്നു രൂപങ്ങൾ സ്വീകരിച്ചു എന്നത് അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയർ 2:6:11 ൽ വിശദീകരിക്കുന്നു. **1. ദൈവരൂപം 2. ദാസരൂപം 3. മനുഷ്യരൂപം**

**ദൈവരൂപം:** ക്രിസ്തു ദൈവത്തിന്റെ യഥാർത്ഥ രൂപം ആകുന്നു (വാ.6). യേശു ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കുന്നതിനോ ബലപ്രയോഗത്തിലൂടെ എടുക്കുന്നതിനോ ശ്രമിച്ചില്ല കാരണം അത് ഇതിനകം തന്നെ ക്രിസ്തുവിനുള്ളതായിരുന്നു. ദൈവത്തിന്റെ പൂർണ്ണ പ്രകൃതവും ഗുണവും ക്രിസ്തുവിൽ കണ്ടെത്തി. ക്രിസ്തു ദൈവത്തിന്റെ പ്രകൃതവും സ്വഭാവഗുണങ്ങളും ഉൾക്കൊള്ളുന്നു. ദൈവീക ഗുണങ്ങളുടെയും സദ്ഗുണങ്ങളുടെയും പൂർണ്ണത ക്രിസ്തുവിൽ കാണാം.

**ദാസരൂപം:** ദൈവത്തിനു തുല്യനാണെങ്കിലും ക്രിസ്തു തന്നെത്തന്നെ താഴ്ത്തി ദൈവീക പദവി ഉപേക്ഷിച്ചു. വിനയവും ദാരിദ്ര്യവും ശീലിച്ച് അവൻ ദാസ രൂപം എടുത്തു (2 കൊരി.8:9).

**മനുഷ്യരൂപം:** ക്രിസ്തു പൂർണ്ണ ദൈവമായിരിക്കുമ്പോൾ തന്നെ പൂർണ്ണ മനുഷ്യനായി തീർന്നു. നാം ജീവിച്ചതു പോലെ ക്രിസ്തുവും വളർന്നു വന്നു (ലൂക്കോ.2:52). ജഡ രക്തത്തോടു കൂടെ ജീവിച്ചു എല്ലാ പ്രലോഭനങ്ങളെയും നേരിട്ടെങ്കിലും പാപമില്ലാത്തവനായി ജീവിച്ചു (എബ്രാ.2:14,4:15). നമ്മെ വീണ്ടെടുക്കുവാൻ അവൻ നമ്മുടെ അവസ്ഥയിൽ പ്രവേശിച്ചു.

**എന്തിനാണ് അവൻ മനുഷ്യരൂപം എടുത്തത്?**

1. **മരണത്തെ ജയിക്കുവാനും നമുക്കു രക്ഷ നൽകുന്നതിനുമായി** (എഫെ.2:14).

2. ഒരു മനുഷ്യനെന്ന നിലയിൽ നമ്മുടെ വികാരങ്ങളും വേദനകളും അനുഭവിച്ചു കൊണ്ട് നമ്മുടെ പോരാട്ടങ്ങളിൽ സഹാനുഭൂതിയുള്ളവനായി **നമുക്കു വേണ്ടി മദ്ധ്യസ്ഥത വഹിക്കുവാൻ** (എബ്രാ.2:18).

3. **സ്നേഹം, കരുണ, ക്ഷമ തുടങ്ങിയ ദൈവീക ഗുണങ്ങൾ പ്രകടമാക്കുന്നതിനായി** (യോഹ.14:9).

ക്രിസ്തുവിന്റെ മനുഷ്യ അവതാരത്തെ ആഘോഷിക്കുന്ന ഈ ക്രിസ്തമസ് നാളുകളിൽ തികെച്ചും അപരിചിതമായ മേഖലകളിലൂടെ സഞ്ചരിച്ചു സുവിശേഷം പ്രഘോഷിക്കുന്ന നമ്മുടെ മിഷനറിമാരെ നമുക്കു ഓർക്കാം. നമുക്കും ഈ സ്നേഹത്തിന്റെ സന്ദേശം വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും പങ്കുവെക്കാം. അങ്ങനെ നമുക്കു ചുറ്റുമുള്ള എല്ലാവർക്കും ഈ സ്നേഹത്തിന്റെ ദൈവത്തെ അറിയുവാൻ കഴിയും.

**നിങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ ഊഷ്മളമായ ക്രിസ്തുമസ് പുതുവത്സരാംശസകൾ**

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"വചനം ജഡമായി തീർന്നു,
കൃപയും സത്യവും നിറഞ്ഞവനായി
നമ്മുടെ ഇടയിൽ പാർത്തു.
ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ
നിന്നു ഏകജാതനായവന്റെ
തേജസ്സായി കണ്ടു. "

– യോഹന്നാൻ 1:14

"മനുഷ്യരെ ദൈവമക്കളാക്കുവാൻ
ദൈവപുത്രൻ
മനുഷ്യനായി തീർന്നു "

– സി. എസ്, ലൂയിസ്

"തന്റെ ഏകജാതനായ പുത്രനിൽ
വിശ്വസിക്കുന്ന ഏവനും നശിച്ചു
പോകാതെ നിത്യജീവൻ
പ്രാപിക്കേണ്ടതിനു ദൈവം
അവനെ നൽകുവാൻ തക്കവണ്ണം
ലോകത്തെ സ്നേഹിച്ചു. "

– യോഹന്നാൻ. 3:16

"നീ ഒരു വിശുദ്ധനല്ല"
പിശാചു പറയുന്നു. അതെ, ഞാൻ
ഒരു വിശുദ്ധനല്ലെങ്കിൽ ഞാൻ
ഒരു പാപിയാകുന്നു. യേശുക്രിസ്തു
പാപികളെ രക്ഷിക്കുവാൻ
ലോകത്തിൽ വന്നു.
ചാൾസ് സ്പർജൻ


# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

## കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

FMPB യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...

സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ പേരിൽ നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹ സമ്പൂർണ്ണമായ ക്രിസ്തുമസും ദർശനം കേന്ദ്രീകൃതമായ സമ്പൽ സമൃദ്ധമായ പുതുവർഷവും ആശംസിക്കുന്നു. ഈ ആണ്ടു മുഴുവൻ നമ്മുടെ ജീവിതത്തിലും ശുശ്രൂഷ രംഗത്തും ലഭിച്ച ദൈവത്തിന്റെ വിശ്വസ്തത, "ഞാൻ ആരാകുന്നു കർത്താവേ" എന്നു ചോദിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. സ്വർഗ്ഗീയ പിതാവിന്റെ ഹിതത്തോടും പദ്ധതിയോടുമുള്ള സമ്പൂർണ്ണ അനുസരണമാകുന്നു ക്രിസ്തുമസ്. സ്വർഗ്ഗീയ മഹിമകളെ വെടിയുന്നതിനു പുത്രനായ ദൈവം കാണിച്ച അനുസരണം മാനവ ജാതിക്കു രക്ഷ നൽകി. ജീവൻ അപകടപ്പെടുന്ന സാഹചര്യത്തിൽ മറിയ കാണിച്ച അനുസരണമാണ് പുത്രനായ ദൈവത്തെ ഈ ഭൂമിയിലെത്തിച്ചത്. ധാരാളം അനിശ്ചിതത്വങ്ങളുടെ മദ്ധ്യത്തിൽ ജോസഫ് കാണിച്ച അനുസരണം പൈതലാം യേശുവിനെ സംരക്ഷിച്ചു. അനുസരണത്താൽ ജോസഫ് മറിയെ തന്റെ ഭാര്യയായി നിലനിർത്തുകയും അമ്മയെയും കുഞ്ഞിനെയും കൂട്ടി ഈജിപ്തിലേക്കു പോകുകയും ചെയ്തു. മത്തായി 2:14 പറയുന്നു, "അവൻ എഴുന്നേറ്റു ശിശുവിനെയും അമ്മയെയും രാത്രിയിൽ തന്നേ കൂട്ടിക്കൊണ്ടു പുറപ്പെട്ടു മിസ്രയീമിലേക്കു പോയി". ഒരു ദൈവദൂതന്റെ ഒരു ദിവസം മുമ്പുള്ള അറിയിപ്പിനെ തുടർന്നു ഇപ്രകാരം മറ്റൊരു രാജ്യത്തേക്കു പാലായനം ചെയ്യണമെങ്കിൽ അഗാധമായ വിശ്വാസവും അനുസരണവും ആവശ്യമാണ്. ദൈവത്തിന്റെ നിർദ്ദേശം ജോസഫ് അനുസരിച്ചതു കൊണ്ടാണ് ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ പദ്ധതി പൂർത്തീകരിക്കപ്പെട്ടത്. ഈ ക്രിസ്തുമസ് കാലം ദൈവഹിതത്തോടുള്ള നമ്മുടെ സമ്പൂർണ്ണ അനുസരണം ദൈവം പ്രതീക്ഷിക്കുന്നു. നമ്മെ കുറിച്ചുള്ള ദൈവ ഹിതം ദൈവത്തിന്റെ വലിയതും ബൃഹത്തുമായ ഒരു പദ്ധതിയുടെ ഭാഗമായിരിക്കാം.

## കോതമ്പു മണി വീണു

നമ്മുടെ പ്രീയപ്പെട്ട മിഷനറി റവ. ദീപ്തി ലാൽ മാലി നീണ്ട അഞ്ചു വർഷ കാലം കാൻസറിനോടു പോരാടി 2024 നവംബർ 17 ഉച്ചകഴിഞ്ഞ് 2.15 ന് അന്ത്യ ശ്വാസം വലിച്ചു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം പുനരുത്ഥാന ദിനത്തിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ ചെന്നയിൽ നവംബർ 18 ന് സംസ്കരിച്ചു. പഞ്ചാബിലെ മിഷനറി പ്രവർത്തനത്തോടു അഭിനിവേശമുള്ള മിഷനറി ദീപ്തിലാൽ മാലിയുടെ ഭാര്യ രേണുക സദാങ്കിക്കായും മക്കളായ ആറാം ക്ലാസ്സിൽ പഠിക്കുന്ന മീഖായേലിനായും മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന യിസ്രായേലിനായും പ്രാർത്ഥിക്കുക. അദ്ദേഹം വിട്ടിട്ടു പോയ പഞ്ചാബിലെ

ശുശ്രൂഷ തുടരുവാൻ സമർപ്പിതരായ യൗവ്വനക്കാർ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക.

### തമിഴ്നാട് മിഷൻ വയൽ പ്രവർത്തകരുടെ യോഗം

ഒക്ടോബർ 22, 23 തീയതികളിൽ തമിഴ്നാട് മിഷൻ വയലുകളിൽ പ്രവർത്തിക്കുന്ന മിഷനറിമാരുടെയും സ്വദേശ സുവിശേഷകരുടെയും സഭാമൂപ്പന്മാരുടെയും യോഗം സംഘടിപ്പിച്ചു. ഈ യോഗത്തെ നമ്മുടെ കർത്താവ് ആശീർവദിച്ചു സഭാമൂപ്പന്മാർ പ്രചോദിതരായി തങ്ങളുടെ ബന്ധുമിത്രാദികളെ സുവിശേഷത്താൽ നേടാമെന്നുള്ള തീരുമാനം എടുത്തു.

### സെന്റർ സോൺ ആത്മീക കൂട്ടായ്മ

സെന്റർ സോണിലെ മിഷനറിമാരും കുടുംബാംഗങ്ങളും അവരുടെ വർഷം തോറും നടത്തുന്ന ആത്മീക യോഗം നമ്മുടെ ദർശന ഭൂമിയായ പെരിയമലൈ ക്യാമ്പസിൽ വെച്ചു ഒക്ടോബർ 25,26, 27 തീയതികളിൽ നടത്തി. അവിടെ പങ്കുവെച്ച ദൈവവചനം നമ്മുടെ മിഷനറിമാരുടെ ഹൃദയങ്ങളിൽ ആഴമായ സ്വാധീനം ചെലുത്തി.

### ഡൽഹിയിൽ മിഷനറി സമ്മേളനം

നമ്മുടെ മിഷനറിമാരും ഡൽഹിയിലുള്ള മൊബലൈസേഷൻ നേതാക്കന്മാരും ചേർന്ന് 2024 ഒക്ടോബർ 31 ന് ഏകദിന മൊബലൈസേഷൻ സമ്മേളനം നടത്തി. യോഗത്തിൽ പങ്കെടുത്തവരിൽ ദൈവാത്മാവ് പ്രവർത്തിച്ചു.

### ഉത്തരാഖണ്ഡ്, ഹരിയാന മിഷൻ വയൽ സന്ദർശനം

മിഷൻ ഫീൽഡ് നേതാക്കന്മാരോടു ചേർന്നു ഉത്തരാഖണ്ഡ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിലുള്ള മിഷൻ വയലുകൾ നംവബർ 1 മുതൽ 6 വരെ നടത്തി. ഈ സന്ദർശനത്തിലൂടെ മിഷൻ വയലുകളിൽ പ്രത്യേകിച്ച് ഉത്തരാഖണ്ഡിൽ നമ്മുടെ മിഷനറിമാർ നേരിടുന്ന വെല്ലുവിളികളെ മനസ്സിലാക്കുന്നതിനു സാധിച്ചു.

### രാജസ്ഥാൻ സുവർണ്ണ ജൂബിലി

നവംബർ അഞ്ചാം തീയതി നമ്മുടെ മിഷനറിമാരും വിശ്വാസികളും ചേർന്ന് രാജസ്ഥാൻ സംസ്ഥാനത്തിലെ FMPB യുടെ ശുശ്രൂഷയിൽ കഴിഞ്ഞ 50 വർഷം ലഭിച്ച ദൈവകൃപ ആഘോഷിച്ചു. ഹനുമാൻഘട്ട് മിഷൻ വയൽ ആരംഭിച്ചിട്ട് 25 വർഷം പിന്നിടുന്നു. കൂടുതൽ ആളുകളിലേക്കു സുവിശേഷം എത്തിക്കുന്നതിനുള്ള വെല്ലുവിളി വിശ്വാസികളും നേതാക്കന്മാരും എറ്റെടുക്കുവാൻ തയ്യാറായി.

### എക്സിക്യൂട്ടിവ് കമ്മറ്റിയോഗം

പുതുതായി രൂപീകരിച്ച എക്സിക്യൂട്ടിവ് യോഗം 2024 നവംബർ 9,10 തീയതികളിൽ നടത്തി. ഇതു നമ്മുടെ 221 –ാമത് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ആകുന്നു.

### ദേശീയ മിഷനറി സമ്മേളനം, ഹൈദ്രബാദ്

2024 നവംബർ 13,14 തീയതികളിൽ ഹൈദ്രബാദിൽ വെച്ച് ദേശീയ മിഷനറി സമ്മേളനം നടത്തി. 850 ലധികം ആളുകൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

**എന്റെ ഡിസംബറിലെ പ്രോഗ്രാമുകൾക്കായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു.**

### ഡിവിഷണൽ നേതാക്കന്മാരുടെ യോഗം

ഡിസംബർ 1-4 വരെ ഡിവിഷണൽ സെക്രട്ടറിമാരുടെ ഉപവാസ പ്രാർത്ഥന

യും ആസൂത്രണ യോഗവും പെരിയമ ലയിൽ വെച്ചു നടത്തുവാൻ ആഗ്രഹി ക്കുന്നു.

### ജാർഖണ്ഡ് NELC ഓർഡിനേഷൻ

നോർത്തേൺ ഇവാൻജലിക്കൽ ലൂഥ റൻ സഭ നമ്മുടെ മിഷനറിമാർക്കും സുവിശേഷർക്കും പട്ടത്വം നൽകുവാനു ള്ള നമ്മുടെ അപേക്ഷ കരുണാപൂർവ്വം സ്വീകരിച്ചു ഡിസംബർ 11 ന് ജാർഖ ണ്ഡിൽ ഓർഡിനേഷൻ ക്രമീകരിച്ചിരി ക്കുന്നു. നമ്മുടെ ശുശ്രൂഷയെ ശക്തീ കരിക്കുന്നതിനുള്ള പരമ പ്രധാനമായ തീരുമാനം എടുത്ത മോഡറേറ്റർ, ബി ഷപ്പ്, സെക്രട്ടറി എന്നിവരോടുള്ള നന്ദി FMPB രേഖപ്പെടുത്തുന്നു. പട്ടം കെട്ടപ്പെ ടുന്നവർക്കു വേണ്ടി നടത്തുന്ന മൂന്നു ദിവസത്തെ ഓറിയന്റേഷൻ ക്ലാസ്സിനാ യും അതിന്റെ അവസാനം നടത്തുന്ന ഓർഡിനേഷൻ ശുശ്രൂഷക്കായും പ്രാർ ത്ഥിക്കുക.

### ജാർഖണ്ഡ് സന്ദർശനം

ഓർഡിനേഷനു മുമ്പും പിമ്പുള്ള ഏതാനും ദിവസങ്ങൾ ജാർഖണ്ഡി ലുള്ള മാൾട്ടോ, സന്താൾ മിഷൻ വയ ലുകൾ സന്ദർശിക്കുന്നതാണ്.

### OTC ബോർഡ്

ജാർഖണ്ഡ് കീരബാനിയിലെ സുവിശേ ഷീകരണ പരിശീലന കേന്ദ്രത്തിന്റെ ബോർഡ് മീറ്റിംഗ് ഡിസംബർ 10 ന് നടത്തുന്നതാണ്. NELC, FMPB നേതാ ക്കന്മാരാണ് ബോർഡിലെ അംഗങ്ങൾ.

### സംഘവി പ്രതിഷ്ഠ

മഹാരാഷ്ട്രയിലെ സംഘവിയിലെ ബാലഭവനത്തിൽ പുതുതായി പണിത കെട്ടിടത്തിന്റെ പ്രതിഷ്ഠ ശുശ്രൂഷ ഡിസംബർ 20 ന് ദൈവനാമ മഹത്വ ത്തിനായി ക്രമീകരിച്ചിരിക്കുന്നു.


### തമിഴ്നാട് മിഷൻ വയൽ സന്ദർശനം

ഡിസംബർ 27 മുതൽ 29 വരെ തമിഴ്നാ ട്ടിലുള്ള മിഷൻ വയലുകൾ സന്ദർശി ക്കുന്നതാണ്.

2024 മുഴുവൻ നിങ്ങൾ പ്രാർത്ഥനയിലൂ ടെയും പങ്കാളിത്വത്തിലൂടെയും സാമ്പ ത്തീക സഹായത്തിലൂടെയും നൽകിയ എല്ലാ ത്യാഗപൂർവ്വമായ പിന്തുണക്കും നിങ്ങളെല്ലാവരോടുമുള്ള നന്ദി FMPB അറിയിക്കുന്നു. നാം ഈ വർഷത്തിന്റെ അവസാന മാസത്തിലേക്കു പ്രവേശി ച്ചിരിക്കുന്നു. നമ്മെ വീണ്ടെടുക്കുവാൻ ഈ ലോകത്തിലേക്കു ക്രിസ്തുവന്ന തിന്റെ സ്മരണയെ പുതുക്കുന്ന ഈ ആഗമന കാലത്തു കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ഈ വിണ്ടെടുപ്പിന്റെ സന്ദേശം ഓരോ ഇന്ത്യ ക്കാരനിലും എത്തിക്കുവാൻ നമുക്കു ഒത്തുച്ചേർന്നു പ്രവർത്തിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

യേശുവിന്റെ അത്ഭുതകരമായ
ദാനത്തിനും യേശു നമ്മുടെ
ഉള്ളത്തിൽ ഇപ്പോഴും 2025 ലും
നൽകുന്ന ആനന്ദത്തിനുമായി നമ്മുടെ
ഹൃദയം ദൈവത്തെ നന്ദിയോടെ
സ്തുതിക്കുമാറാകട്ടെ.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ
കൂട്ടു വേലക്കാരൻ



**റവ. ജോൺ ബർലിൻ എസ്.**



# ഒരു ദൈവപൈതൽ ആകേണ്ടതിനു ഞാൻ ആരാകുന്നു?

## ദൈവപുത്രനെ മനുഷ്യപുത്രനായി സ്വീകരിക്കുമോ?

അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി (ഫിലി.2:6,7).

ദൈവപുത്രനെ മനുഷ്യപുത്രനായി സ്വീകരിച്ചു ദൈവപൈതൽ ആകുവാൻ ഞാൻ ആരാകുന്നു? ഈ ശക്തമായ പ്രതിഫലനം ദൈവകൃപയുടെ അഗാധമായ രഹസ്യം പിടിച്ചെടുക്കുന്നതാകുന്നു. നമ്മുടെതായ നിലയിൽ ഇത്തരമൊരു മഹത്തായ ദാനത്തിനു നാം യോഗ്യരല്ല - നമ്മെ ദൈവത്തോടു അനുരഞ്ജിപ്പിക്കുവാൻ ദൈവപുത്രൻ മനുഷ്യപുത്രനായി തീർന്നു. എന്നാൽ ദൈവത്തിന്റെ കൃപയാലും സ്നേഹത്താലും ദൈവം ഇതു സാധ്യമാക്കുന്നു. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ യേശു ഈ ലോകത്തിലേക്കു വന്നു അതുകൊണ്ട് ദൈവഭവനത്തിലേക്കു നാം ദത്തെടുക്കപ്പെടുകയും അത്യുന്നതനായ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആയിത്തീരുകയും ചെയ്തു. മാനവ ചരിത്രത്തിലെ മറ്റൊരു മനുഷ്യനും ഈ അനുപമമായ മഹത്വത്തിൽ പങ്കുചേരുവാൻ ഒരിക്കലും കഴികയില്ല.

ബേത്ലഹേമിൽ മഹത്വവും വിനയവും അതിന്റെ പാരമ്യത്തിൽ കണ്ടുമുട്ടുന്നതിനു നാം സാക്ഷിയാകുന്നു. എത്ര ആഴത്തിലുള്ള ഇറക്കം - മഹത്വത്തിന്റെ ഉയരത്തിൽ നിന്ന് ലജ്ജയുടെ താഴ്വരയിലേക്കു, സ്വർഗ്ഗത്തിലെ അത്ഭുതങ്ങളിൽ നിന്ന് ഭൂമിയിലെ ദുഷ്ടതകളിലേക്കു, മഹത്വത്തിൽ നിന്ന് അപമാനത്തിലേക്ക്, സിംഹാസനത്തിൽ നിന്ന് കുരിശിലേക്ക്. ലോകത്തെ സൃഷ്ടിക്കുകയും ഭരിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം ഈ ലോകത്തിലേക്കു പ്രവേശിച്ചത് ശക്തനായല്ല, മറിച്ച് ഏറ്റവും ചെറിയവനും ദുർബലനുമായി ശീലകൾ ചുറ്റി ദിവ്യത്വം നിറഞ്ഞവൻ പുൽത്തൊട്ടിയിൽ കിടന്നു.

യേശുവിന്റെ മനുഷ്യത്വം അത്യന്താപേക്ഷിതമാകുന്നു കാരണം ദൈവത്തിനും മനുഷ്യർക്കും ഇടയിൽ തികഞ്ഞ മദ്ധ്യസ്ഥനാകുന്നതിനുള്ള അവന്റെ പങ്ക് വഹിക്കുവാൻ ദൈവം - മനുഷ്യൻ എന്ന

നിലയിൽ യേശുവിനെ അദ്വിതീയമായി യോഗ്യനാക്കുന്നു. അവൻ ദൈവം മാത്ര മായിരുന്നെങ്കിൽ അവനു നമ്മളുമായി ഒരു ബന്ധവും ഉണ്ടാകുമായിരുന്നില്ല. അവൻ മനുഷ്യനായിരുന്നെങ്കിൽ നമു ക്കാവശ്യമായ രക്ഷ യേശുവിനും ആവ ശ്യമാകുമായിരുന്നു. എന്നാൽ യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആകുന്നു. ഒരു സ്ത്രീയിൽ നിന്നു ജനി ച്ചതിനാൽ അവൻ നമ്മുടെ മനുഷ്യത്വം പങ്കുവെക്കുന്നു. ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവൻ പാപരഹിത നായി തുടരുന്നു. അവൻ ക്രൂശിൽ മരി ച്ചപ്പോൾ ഒരു പാപിയെന്ന നിലയിൽ നമ്മുടെ പാപങ്ങൾക്കു പങ്കുവഹിച്ചില്ല മറിച്ച് ഒരു രക്ഷകൻ എന്ന നിലയിൽ അവൻ നമ്മുടെ പാപങ്ങൾ വഹിച്ചു. ഇതു രക്ഷക്കായുള്ള ദൈവീക പദ്ധതി യാകുന്നു.

## ഇമ്മാനുവേൽ എന്ന പേർ ശരിക്കും അതുല്യമാകുന്നു:

ഇമ്മാനുവേൽ എന്ന വാക്ക് വേദപുസ്ത കത്തിൽ മൂന്നു സ്ഥലത്തു കാണാം (യെശ.7:14; 8:8; മത്തായി.1:22). ഈ നാമം പ്രതിഫലിപ്പിക്കുന്നതിലൂടെ ധാരാളം ആത്മീക സത്യങ്ങൾ വെളിപ്പെ ടുത്തുന്നു. ഈ ഒരു നാമത്തിൽ എല്ലാ മനുഷ്യ ആവശ്യങ്ങളും ദൈവത്തിന്റെ മുഴുവൻ പദ്ധതികളും ഉൾക്കൊള്ളുന്നു എന്ന് ഒരു വേദപുസ്തക വ്യാഖ്യാതാവ് അഭിപ്രായപ്പെട്ടു.

വിശ്വാസം പരഗണിക്കാതെ എല്ലാ ആളു കളും സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവം നമ്മോടു കൂടെയുണ്ടെന്നു അംഗീകരിക്കുന്നു. ഇമ്മാനുവേൽ എന്ന നാമത്തെ അതു ല്യമാക്കുന്നത് എന്താണ്? പഴയനിയമ ത്തിൽ ഇമ്മാനുവേൽ എന്ന പദം പ്രത്യാ ശയുടെയും വിജയത്തിന്റെയും പ്രവചന ത്തിന്റെയും വചനമാകുന്നു. പുതിയ നിയമത്തിൽ യേശുവിന്റെ ജനനത്തോ ടുള്ള ബന്ധത്തിൽ ഈ പദത്തിനു നൂ തനമായ ആഴവും പ്രാധാന്യതയും നേടുന്നു. ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. അവൻ പാപത്തിൽ വീണ പ്പോൾ അവനെ വീണ്ടെടുക്കുന്നതി നായി ദൈവം ഇമ്മാനുവേലായി സ്വയം വെളിപ്പെടുത്തി മനുഷ്യരുടെ ഇടയിൽ പാർത്തു. സി എസ് ലൂയീസ് പറയു ന്നത്, "മനുഷ്യരെ ദൈവമക്കളാക്കു ന്നതിനായി ദൈവപുത്രൻ മനുഷ്യനാ യി തീർന്നു." മനുഷ്യത്വത്തിൽ ദൈവ ത്തിന്റെ പ്രതിച്ഛായ വീണ്ടെടുക്കുവാൻ യേശു മനുഷ്യനായി തീർന്നു.

നഷ്ടപ്പെട്ട മനുഷ്യരാശിയെ വീണ്ടെടു ക്കുവാൻ ദൈവം ശ്രമിക്കുന്നത് എന്തു കൊണ്ട്? ഉല്പത്തി 1:27 നമ്മോടു പ റയുന്നു, "ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു," ഉല്പത്തി 2:7 പറയുന്നു, "യഹോവയായ ദൈവം നില ത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മി ച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹി യായി തീർന്നു." മനുഷ്യർ ദൈവത്തിന്റെ പ്രതിച്ഛായ മാത്രമല്ല ദൈവത്തിന്റെ ശ്വാസവും വഹിക്കുന്നു. ഈ ദൈവീക ബന്ധം എല്ലാ മനുഷ്യരുടെയും ഉള്ളിൽ അവർ തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും ദൈവത്തെ അന്വേഷിക്കുവാനുള്ള സ്വാഭാവികമായുള്ള സഹജാവബോധം സൃഷ്ടിക്കുന്നു. അപ്പൊസ്തലനായ പൗ ലൊസ് ഏഥൻസിൽ നടത്തിയ നിരീ ക്ഷണത്തിൽ അജ്ഞാത ദേവനു എന്നു എഴുത്തുള്ള ബലിക്കല്ലു കണ്ടെത്തിയതു പോലെ ഒറ്റപ്പെട്ട ഗോത്രങ്ങൾ പോലും

അവരുടെ സ്വരൂപത്തിൽ അവർ ദൈവ ങ്ങളെ ഉരുവാക്കുന്നു (അ.പ്ര. 17:23).

എല്ലാ മനുഷ്യനും ദൈവത്തിന്റെ ആസ്തിത്വത്തെ കുറിച്ചു പൊതുവായ വെളിപ്പാടുണ്ട, എന്നാൽ അവനു യഥാർത്ഥ ദൈവത്തെകുറിച്ചു അറിയണമെങ്കിൽ യേശു ക്രിസ്തുവിന്റെ പ്രത്യേക വെളിപ്പാട് ആവശ്യമാണ്. “പുത്രനുള്ളവനു ജീവനുണ്ടു; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല’’(1 യോഹ.5:12).ഇമ്മാനുവേലിനു - ദൈവം നമ്മോടു കൂടെ - മാത്രമേ നമ്മെ യഥാസ്ഥാനപ്പെടുത്തുവാനും നമുക്കു പൂർത്തീകരണം നൽകുന്നതിനും നമ്മുടെ ജീവിതത്തിനു അർത്ഥവും മാനവും നൽകുന്നതിനു സാധിക്കയുള്ളു. യേശുക്രിസ്തുവിലൂടെ നമ്മുടെ പാപങ്ങൾ പരിഹരിക്കപ്പെടുകയും നമ്മുടെ സൃഷ്ടിതാവായ ദൈവത്തോടു നാം നിരപ്പു പ്രാപിക്കയും ചെയ്യും.

## ഇമ്മാനുവേലിന്റെ ഭരണം ശരിക്കും അതുല്യമാകുന്നു.

മീഖാ പ്രവാചകന്റെ പ്രവചനം, “നീയോ ബേത്ത്ലേഹം എഫ്രാത്തേ, നീ യഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ (മീഖാ.5:2). യേശു, ഇമ്മാനുവേൽ ബേത്‌ലഹേമിൽ താഴ്മയുള്ളവനായി ജനിച്ചു. ദാവിദ് രാജാവിന്റെ കുലത്തിലാണ് ജനിച്ചതെങ്കിലും ആ വംശാവലിയിൽ മോവാബ്യ സ്ത്രീയായ രൂത്തും ഇടം പിടിച്ചിട്ടുണ്ട്. യേശു ആത്മീക യരുശലെമിലെ രാജാവാകുന്നു അല്ലാതെ ഈ ഭൂമിയിലെ രാജ്യത്തിന്റേതല്ല. അവന്റെ ഭരണം ശാശ്വതമാകുന്നു, ലോക സ്ഥാപനത്തിനു മുമ്പെ നിലവിൽ ഉണ്ട്. അവൻ സമ്പന്നനായിരുന്നിട്ടും നമുക്കു വേണ്ടി ദരിദ്രനായി തീർന്നു (2 കൊരി.8:9). മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായ ഒരു രാജാവ്. യേശുവിന്റെ മാതാവ് മറിയ അവന്റെ രാജ്യത്തെ സ്തുതിക്കുന്നു, അവൻ പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്ന് ഇറക്കി, താണവരെ ഉയർത്തിയിരിക്കുന്നു (ലൂക്കോസ്.1:51-55). ക്രിസ്തുമസ് നാളുകളിൽ നമ്മുടെ ജീവിതത്തിൽ അവന്റെ ഭരണത്തെ വിചിന്തനം ചെയ്യുകയും നമ്മുടെ പ്രവർത്തികളിലും വാക്കുകളിലും അത് പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

## ഇമ്മാനുവേലിന്റെ വിളി ശരിക്കും അതുല്യമാകുന്നു:

ദൈവം മനുഷ്യനായി തീർന്നപ്പോൾ അവന്റെ രാജ്യം ഈ ഭൂമിയിൽ ആരംഭിച്ചു. യേശുവിന്റെ ആദ്യത്തെ പ്രസംഗം “കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ” (മർക്കൊ. 1:15). യേശു 120 പ്രാവശ്യം ദൈവരാജ്യത്തെ കുറിച്ചു സംസാരിച്ചു, ഇപ്പോഴുള്ളതും വരുവാനുള്ളതുമായി അതിനെ വിശദീകരിച്ചു. അവന്റെ രാജ്യം ആത്മീകമായി ഇവിടെ ആരംഭിച്ചു എന്നാൽ അതിന്റെ പൂർണ്ണമായ രൂപം ഇനിയും വരുവാനിരിക്കുന്നതെ ഉള്ളു. ആരും നശിച്ചു പോകാതെ എല്ലാവരും അവനെ അറിഞ്ഞു നിത്യജീവൻ പ്രാപിക്കണെമെന്നു ദൈവം ഇച്ഛിക്കുന്നു. ഈ ഭൂമിയിൽ ദൈവരാജ്യം പ്രചരിപ്പിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. എണ്ണമറ്റ ദൈവാന്വേഷകരുള്ള ഇന്ത്യയിൽ അവരുടെ ശൂന്യത നികത്തുവാനും അവർക്കു സംതൃപ്തി നൽകുന്നതിനും

ഇമ്മാനുവേലിനു മാത്രമേ കഴികയുള്ളു. യേശുക്രിസ്തുവിലൂടെ സൃഷ്ടിതാവായ ദൈവവുമായി അവർക്കു ശരിയായ കൂട്ടായ്മ ആചരിക്കുവാൻ സാധിക്കും.

## ഇമ്മാനുവേലിന്റെ ഉദ്ദേശം ശരിക്കും അതുല്യമാണ്:

ക്രിസ്തുമസ്സിന്റെ ഹൃദയം ദൗത്യമാണ്. ക്രിസ്തുമസ് ദൈവത്തിന്റെ ദൗത്യത്തെ പ്രതിഫലിപ്പിക്കുന്നു. യേശു, ഇതര സംസ്കാരങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്ന ശ്രേഷ്ഠനായ മിഷനറി, സ്വർഗ്ഗീയ മഹിമകളിൽ നിന്നും ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ വന്നു പിറന്നു. അവന്റെ സഭയായ നാം ഇതര സംസ്കാരങ്ങളിലേക്കു മിഷനറിമാരെ അയച്ചു എല്ലാ ഗോത്രങ്ങളിൽ നിന്നും ഭാഷകളിൽ നിന്നും എല്ലാ ദേശങ്ങളിൽ നിന്നും അവനെ ആരാധിക്കുവാൻ കൂട്ടി വരുത്തണം. നാം ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ കർത്താവിന്റെ ആദ്യവരവിനെ സ്മരിക്കുന്നതിനൊപ്പം അവന്റെ രണ്ടാം വരവിനെ എതിരേൽക്കുവാൻ ഒരുക്കമുള്ളവരായി യേശുവിനെ കുറിച്ചുള്ള സുവിശേഷം കേൾക്കാത്തവരെ സുവിശേഷത്താൽ നേടണം.

## ഞാൻ അതുല്യനാണോ? ഞാൻ ആരാകുന്നു?

അതെ ഇമ്മാനുവേലിന്റെ മഹത്വവും വാഗ്ദാനവും പ്രാപിപ്പാൻ ഞാൻ ആരാകുന്നു? ഇമ്മാനുവേലിന്റെ ആഴമായ വാഗ്ദത്തം ക്രിസ്തു നൽകിയ ഏറ്റവും ആഴമായ ഉറപ്പുകളിൽ ഒന്നാകുന്നു, പ്രത്യേകാൽ ഞാനോ ലോകാവസാനത്തോളം നിങ്ങളോടു കൂടെയുണ്ടെന്നു ക്രിസ്തു അരുളിച്ചെയ്യുമ്പോൾ (മത്തായി 29:20). ഈ വാഗ്ദത്തം യേശു തിരഞ്ഞെടുത്ത ശിഷ്യന്മാർക്കു മാത്രമായിട്ടുള്ളതല്ല സുവിശേഷം പ്രഘോഷിക്കുക എന്ന ദൗത്യം ഏറ്റെടുക്കുന്ന എല്ലാ വിശ്വാസികൾക്കും കൂടിയുള്ളതാണ്.

ക്രിസ്തുവിന്റെ ജനനത്തിലൂടെ ദൈവം നമ്മുടെ ഇടം, സമയം, ചരിത്രം എന്നിവയിലേക്കു പ്രവേശിക്കുന്നു. അതിലുപരിയായി നമ്മുടെ ഓരോരുത്തരുടെയും വ്യക്തി ജീവിതത്തിലേക്കും പ്രവേശിക്കുന്നു. ക്രിസ്തു ഇമ്മാനുവേൽ ആകുന്നു - ദൈവം നമ്മോടു കൂടെ. വ്യക്തിപരമായ വിധത്തിൽ ആഴമായി ഇന്നു ദൈവം നമ്മോടുകൂടെയുണ്ട്. മഹത്വത്തിലേക്കുള്ള മാർഗ്ഗം യേശുക്രിസ്തു ആകുന്നു. യേശു കർത്താവ് അവന്റെ മഹത്വത്തിനു നാം സാക്ഷികളായിരിക്കണമെന്നു മാത്രമല്ല ആഗ്രഹിക്കുന്നത്; പിന്നെ അവന്റെ മഹത്വം നമ്മോടു പങ്കുവെക്കുന്നതും ക്രിസ്തു ആഗ്രഹിക്കുന്നു. നാം അവന്റെ താഴ്മയുടെ കാലടികളെ പിന്തുടരുകയും അവന്റെ മഹത്വത്തിനു സാക്ഷിയാകുകയും ചെയ്താൽ മഹത്വത്തിന്റെ ഒരു കിരീടം നമ്മെ ഓരോരുത്തരെയും കാത്തിരിക്കുന്നു (2 കൊരി. 3:18). ക്രിസ്തുമസ് കാലം അതിന്റെ പ്രൗഢിയോടെ നമ്മെ വലയം ചെയ്യുന്നതു പോലെ 2000 വർഷം മുമ്പ് യേശുവിന്റെ ജനനത്തിങ്കലെ മഹത്വവും ഞാൻ എല്ലാനാളും നിന്നോടു കൂടെയുണ്ടെന്ന അവന്റെ അതിശ്രേഷ്ഠമായ വാഗ്ദത്തവും (മത്തായി.28:20) നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും വിസ്മയം കൊണ്ടു നിറയ്ക്കുമാറാകട്ടെ. നമുക്കു ചിന്തിക്കാം: ഇത്തരത്തിലുള്ള പറഞ്ഞു തീരാത്ത ദാനം സ്വീകരിക്കുവാൻ ഞാൻ ആരാകുന്നു? (2 കൊരി.9:15).

**- റവ. ഡോ. ജെ ജെ ഹാരീസ്,**
സെക്രട്ടറി, FMPB - ആസ്ഥാന മന്ദിരം

# രത്തിയ



## സഭാചരിത്രം

### രത്തിയ മിഷൻവയൽ, ഹരിയാന റീജിയൻ, നോർത്ത് സോൺ

എഴുതിയത്: **ശ്രീമതി ഡി ആഗ്നസ് എഡ്വേർഡ്**

### പൊതുവായ ചരിത്രം

ഹൈന്ദവ സാധുവായ രത്തൻ നാഥിന്റെ പേരാണ് രത്തിയ പട്ടണത്തിനു നൽകിയത്. 6000 ത്തിലധികം പഴക്കമുള്ള സ്ഥലത്തിനു സമ്പന്നമായ ഒരു പാരമ്പര്യം ഉണ്ട്. ഭൂതകാലവുമായിട്ടുള്ള ഇതിന്റെ ബന്ധങ്ങൾ ഹരിയാനയുടെയും രാജ്യത്തിന്റെയും ചരിത്രങ്ങൾ കണ്ടെത്താൻ നമ്മെ സഹായിച്ചേക്കാം. ഫത്തേബാദിൽ നിന്നും 23 കിലോമീറ്റർ ആകലമുള്ള ഈ നഗരം ഘാഗർ നദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 210 മീറ്റർ (688 അടി) ഉയരമുണ്ട്.

### ആരംഭം

1.7.1994 ൽ രത്തിയ മിഷൻ വയൽ ആരംഭിച്ചു. ശ്രീ. രാജ എഡ്വിൻ മോസസും ശ്രീമതി വനിത റാണിയുമായിരുന്നു ആദ്യ മിഷനറിമാർ. 15.7.1994 ൽ മിഷനറി കുടുംബം ഇവിടെ വന്നു. 1994 ആഗസ്റ്റ് മാസത്തിൽ മിഷനറി കുടുംബത്തിനു സുവിശേഷ വിരോധികളിൽ നിന്നും ഭീഷണി നേരിടേണ്ടി വന്നു. അന്യ ദൈവങ്ങളുടെ നാമം ഉച്ചരിക്കുവാൻ അവരെ ഭീഷണിപ്പെടുത്തി. പ്രാർത്ഥനയാൽ ദൈവം മിഷനറിമാരെ പരിപാലിച്ചു. കർത്താവിനായി ആത്മാക്കളെ നേടുവാൻ ദൈവം മിഷനറിമാരെ സഹായിച്ചു.



**ശ്രീ. രാജ എഡ്വിൻ മോസസും കുടുംബവും**

രത്തിയ മിഷൻ വയൽ ആരംഭിക്കുന്നതിനു മുമ്പു മിഷനറിമാരായ ശ്രീ. രാജ എഡ്വിൻ മോസസും ശ്രീ. ദേവ അൻപുകണ്ണും 1991 ലെ എല്ലാ തിങ്കളാഴ്ചയും രത്തിയ പ്രദേശം പതിവായി സന്ദർശിച്ചു സുവിശേഷ വേല ചെയ്യുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിരുന്നു.

ഇത്തരത്തിലുള്ള ഒരു സന്ദർശന വേള യിൽ ഭഗത് സിങ് ചൗക്കിൽ വെച്ചു ആക്രമാശക്തരായ ഒരു ജനക്കൂട്ടത്തെ അഭിമുഖീകരിക്കുകയുണ്ടായി. ആയുധ ധാരിയായ ഒരു തമിഴ് സൈനികൻ അവരെ രക്ഷിക്കുകയും ആ പ്രദേ ശത്തു സുവിശേഷത്തിനെതിരെയുള്ള ശക്തിമായ എതിർപ്പിനെ കുറിച്ചു മുന്ന റിയിപ്പു നൽകുകയും ചെയ്തു.

തുടക്കത്തിൽ ഗ്രാമവാസികൾ സുവി ശേഷത്തോടും നല്ലരീതിയിൽ പ്രതിക രിച്ചു. അത്ഭുതങ്ങൾ അവരുടെ ഹൃദ യങ്ങളിൽ രൂപാന്തരം വരുത്തി. എംപി സോത്താർ പ്രദേശത്തു നിന്നുള്ള ഒരു മുസ്ലിം കുടുബം യേശുവിനെ രക്ഷിതാ വായി സ്വീകരിച്ചതിനെ തുടർന്നാണ് ഈ മാറ്റങ്ങൾ സംഭവിക്കുവാൻ തുട ങ്ങിയത്. അവരുടെ ബന്ധത്തിലുള്ള **ശ്രീ. ബീർബാൽ** പൈശാചിക ബന്ധന ത്താൽ കഷ്ടപ്പെട്ടതിനാൽ മിഷനറിമാ രുടെ സഹായം അഭ്യർത്ഥിച്ചു. മിഷന റിമാർ അവന്റെ കുടുംബത്തിനു വേണ്ടി പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അവനെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിച്ചു. 1997 ൽ അവർ കർ ത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. ശ്രീ. രാജ എഡ്വിൻ മോസസ് അവരെ സ്നാനപ്പെടുത്തി. അവർ മറ്റുള്ളവ രോടു സുവിശേഷം പങ്കുവെക്കുവാൻ തുടങ്ങി.

1999 ഡിസംബർ 24 ന് രത്തിയ ചർച്ചിലെ സഭാമൂപ്പൻ ശ്രീ. ബീർബാൽ തന്റെ സുഹൃത്തായ മഗർസിങിനോടു സുവിശേഷം അറിയിച്ചു. പൈശാചിക ബന്ധനത്താൽ ദുരിതം അനുഭവി ക്കുകയായിരുന്നു. ക്രിസ്തുമസ് ദിന ത്തിൽ രണ്ടു കുടുംബങ്ങളും ക്രിസ്തു മസ് ആരാധനയിൽ സംബന്ധിച്ചു. അവിടെവെച്ചു അവർക്കു വേണ്ടി പ്രാർ ത്ഥിച്ചു. യേശു ആ വിട്ടിൽ വന്നതി നാൽ അവിടെ നിൽക്കുവാൻ കഴി യുന്നില്ല എന്നു പറഞ്ഞു കരയുന്ന സാത്താനെ ആ രാത്രിയിൽ മഗർ സിങ് സ്വപ്നത്തിൽ കണ്ടു. ശ്രീമതി ബീർ ബാൽ അതുപോലെയുള്ള മറ്റൊരു സ്വപ്നം കണ്ടു, ദുരാത്മാവ് അവ ളോടു അതിനു പാർക്കുവാൻ മറ്റൊരു ഭവനം ചോദിക്കുന്നു. അവൾ അതിനെ നരകത്തിലേക്കു അയച്ചു. ഡിസം ബർ 26 ന് മഗറിന്റെ കുടുംബം പൈ ശാചിക ബന്ധനത്തിൽ നിന്നും പൂർ ണ്ണ സൗഖ്യം പ്രാപിച്ചു. അവർ സുവി ശേഷം പങ്കുവെക്കുവാൻ ആരംഭിച്ചു.



ഉത്തർപ്രേദശിലെ ഫരിദബാദ് ജില്ലയി ലുള്ള ഒരു ഗ്രാമത്തിൽ വസിച്ചിരുന്ന രവിദാസ് ചമാർ സമുദായത്തിലുള്ള **ഹീരലാൽ** 40 വർഷം മുമ്പ് രത്തി യായിലേക്കു കുടിയേറി വന്നതാണ്. അദ്ദേഹമാണ് രത്തിയ സഭയിലെ സഭാമൂപ്പൻ. ഹൈന്ദവ പുരോഹിത കുടുംബത്തിലാണ് അദ്ദേഹം വളർന്നു വന്നത്. തന്റെ പിതാവിന്റെ മരണത്തെ തുടർന്നു ഗുരുതരമായ ആരോഗ്യ പ്ര ശ്നം നേരിട്ടു. 40 ദിവസത്തിനകം മരിച്ചു പോകുമെന്നു ഒരു മന്ത്രവാദി പറഞ്ഞതോടെ അയാളുടെ എല്ലാ പ്ര തീക്ഷയും നഷ്ടപ്പെട്ടു പോയി. നിരാ ശയിലായ അദ്ദേഹം ദൈവം ഇല്ലെന്ന തീരുമാനത്തിൽ എത്തി. ഈ അവ സ്ഥയിൽ സന്തോഷ് എന്ന വിശ്വാസി അയാളോടു സുവിശേഷം പങ്കുവെച്ചു. പാസ്റ്റർ രാജ എഡ്വിൻ മോസസ് നട ത്തുന്ന സത്സാംഗ് പ്രോഗ്രാമിൽ പ ങ്കെടുക്കുവാൻ ഹീരലാലിനെ ഉത്സാഹി പ്പിച്ചു. അദ്ധ്വാനിക്കുന്നവരും ഭാരം ചുമ ക്കുന്നവരുമായുള്ള എല്ലാവരും എന്റെ

അടുക്കൽ വരുവിൻ എന്ന വചനത്തിൽ പ്രചോദിതനായ അദ്ദേഹം ആത്മീക കൂട്ടങ്ങളിൽ സംബന്ധിച്ചു. ക്രമേണ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. ഒരു നിർണ്ണായ രാത്രിയിൽ ഭാര്യയുടെ പ്രാർത്ഥനയെ തുടർന്നു അദ്ദേഹം പൂർണ്ണ സൗഖ്യമുള്ളവനായി എഴുന്നേറ്റു കർത്താവിനെ അനുഗമിക്കുവാൻ പൂർണ്ണ മനസ്സോടെ തീരുമാനിച്ചു. മദ്യപാനിയും മുൻകോപിയും ആക്രമശക്തനുമായിരുന്ന ഹീരലാലിന്റെ ജീവിതം പരിപൂർണ്ണമായി രൂപാന്തരപ്പെട്ടു. 2001 മാർച്ച് നാലിനു ഹീരലാലും ഭാര്യയും നാലു മക്കളും സോതാർ ദാനിയിൽ വെച്ചു സ്നാനപ്പെട്ടു. രത്തിയ ദൈവാലയം പണിയുന്നതിനു ഹീരലാൽ പ്രധാന പങ്കുവഹിച്ചു. തന്റെ സഹോദരങ്ങളുമായി ചേർന്നു സുവിശേഷ വേലയിൽ വിവിധ തരത്തിൽ സജീവ പങ്കാളിയായി. അദ്ദേഹത്തിന്റെ ഇളയ സഹോദരൻ സാം സുന്ദർ തന്റെ സഹപാഠിയായ കുൽവിന്ദറിനോടു സുവിശേഷം പങ്കുവെച്ചു.

ഈ ആളുകൾ എംപി സോത്താർ ചർച്ചിൽ ഞായറാഴ്ച ആരാധനയിൽ സംബന്ധിച്ചു വന്നു. ചില നാളുകൾക്കു ശേഷം അവരുടെ ഗ്രാമത്തിൽ ആരാധന യോഗം നടത്തുവാൻ മിഷനറിയോടു അഭ്യർത്ഥിച്ചു. അതുകൊണ്ട് മിഷനറി രാജ എഡ്വിൻ മോസസ് രത്തിയായിലെ ശക്തി നഗറിലുള്ള തൻെറ ഭവനത്തിൽ ആരാധന യോഗം ആരംഭിച്ചു. നാലു നേഴ്സിംഗ് വിദ്യാർത്ഥികൾ ഉൾപ്പടെ 10 പേർ ആദ്യനാളുകളിൽ രത്തിയായിലെ ആരാധനയിൽ സംബന്ധിച്ചു വന്നു.

## സഭയുടെ വളർച്ച

ഓടെ രാജപുത്ര സമുദായത്തിൽ ആത്മീക അഗ്നി പടർന്നു. ആ തീ ഗ്രാമങ്ങളിലേക്കും വ്യാപിച്ചു. ദൈവം ജന ജീവിതങ്ങളിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഇതു നിമിത്തം അനേകർ യേശുവിൽ വിശ്വസിക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. വിശ്വാസികളിൽ ചിലരുടെ സാക്ഷ്യം താഴെ ചേർക്കുന്നു.

### ശ്രീമതി മോന @ ദേവി റാണി (ശ്രീ. ജയ്ബീർ സിങിന്റെ ഭാര്യ)

ഹരിയാനയിലെ രത്തിയായിലുള്ള ശ്രീ. ദേവി റാണി ജയ്ബീർ ഒരു ഹൈന്ദവ കുടുംബത്തിലാണ് ജനിച്ചു വളർന്നത്. ശിവ ഭക്തയായിരുന്നു അവൾ. ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ അവൾ നടത്തിയ പരിശ്രമത്തിനു ശേഷവും പത്താം ക്ലാസ്സു പരീക്ഷയിൽ അവൾ പരാജയപ്പെട്ടു. അത് അവളിലുള്ള ദൈവ വിശ്വാസം നഷ്ടപ്പെടുത്തി. ഈ പ്രയാസകരമായ സാഹചര്യത്തിൽ രാജാ എഡ്വിൻ മോസസ് അവളെ ധൈര്യപ്പെടുത്തി യേശുവിൽ വിശ്വസിക്കുവാൻ അവളെ ഉത്സാഹിപ്പിച്ചു. യാക്കോബ് 1:5 മനപാഠമാക്കുവാൻ ആവശ്യപ്പെട്ടു. അവൾ ഇപ്രകാരം അനുസരിച്ചതിനെ തുടർന്നു അവൾ പരീക്ഷയിൽ വിജയം നേടി. ഈ സംഭവം ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ അവൾ തയ്യാറായി. 2003 മെയ് 25 ന് വിശ്വാസ പ്രഖ്യാപനം നടത്തി. സ്നാനത്തെ തുടർന്നു കർത്താവിന്റെ വേല ചെയ്യുന്നതിനുള്ള ദൈവവിളി അവൾക്കുണ്ടായി. ഫരിദബാദ് ബൈബിൾ കോളജിൽ പോയി അവൾ ദൈവശാസ്ത്ര പഠനം നടത്തി. പഠനം പൂർത്തീകരിച്ചതിനെ തുടർന്നു അവൾ രത്തിയായിൽ സ്വദേശ സുവിശേഷകയായി ചേർന്നു. തുടർന്നു 2008 ജൂൺ 11 ന് അവൾ പുർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു.

### സ്വദേശ സുവിശേഷകൻ ശ്രീ. ഗുരുപ്രീത് :

വിഗ്രഹാരാധികളുടെ കുടുംബത്തിലാണ് രത്തിയായിലുള്ള ഗുരുപ്രീത് ജിനിച്ചു വളർന്നത്. അവന്റെ പിതാവ് മങ്കൾ സിങ് ദുരാത്മാവിന്റെ സഹാ

യത്താൽ ഭാവി പ്രവചിക്കുന്ന ആളായിരുന്നു. 20 വർഷത്തോളം അവർ തങ്ങളുടെ ഭവനത്തിൽ പൂജകൾ നടത്തിയിരുന്നു. എന്നിരുന്നാലും ഒരു നിർണ്ണായ സംഭവത്തിൽ മങ്കൽ രോഗിയായി തീർന്നു. കഠിനമായ വേദന അനുഭവപ്പെടുവാൻ തുടങ്ങി. ഇതിനെ തുടർന്നു കുടുംബം സൗഖ്യത്തിനായി വിവിധ അമ്പലങ്ങളും സന്ദർശിച്ചു ബലികൾ അർപ്പിച്ചു. എല്ലാം വിഫലമായി. തുടർന്ന് ഗുരുപ്രീതിന്റെ അമ്മാവൻ മങ്കലിനെ ജമാൽപൂറിലുള്ള പാസ്റ്റർ ഓം പ്രകാശിന്റെ അടുക്കൽ കൊണ്ടു പോയി. അവിടെ അവനു ആശ്വാസം ലഭിച്ചു. ആരംഭത്തിൽ ഗുരുപ്രീത് തന്റെ ആരാധനാ മൂർത്തികളെ ഭയന്നു യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനെ ഭയപ്പെട്ടു. പിന്നീട് ക്രമേണ തന്റെ പിതാവിന്റെ കൂടെ സഭ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. ആരാധനയിൽ ഡോലക്ക് വായിക്കുന്നതിനിടയിൽ അവന്റെ ഹൃദയത്തിൽ രൂപാന്തരം സംഭവിച്ചു. മങ്കൽ വിഗ്രഹങ്ങളെ ഉപേക്ഷിച്ചു എംപി സോത്താറിലുള്ള ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കുന്നതു പതിവാക്കി. 2009 ൽ ഗുരുപ്രീതും കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവന്റെ രക്ഷിതാക്കൾ 2010 ൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. പാസ്റ്റർ ബാബു സ്നാനപ്പെടുത്തിയ അവൻ സഭ മുഖാന്തിരം നടക്കുന്ന സുവിശേഷവേലയെ സഹായിക്കുവാൻ തുടങ്ങി. പൂർണ്ണസമയ സുവിശേഷ വേല ചെയ്യണമെന്ന ആഗ്രഹം ഉണ്ടായിരുന്നെങ്കിലും ടൈഫോയ്ഡ് ബാധികനാകുന്നതു വരെ കുടുംബത്തിലെ സാമ്പത്തീക ബുദ്ധിമുട്ട് അവനെ പിന്നോട്ട് നയിച്ചു. ആ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ചതിനെ തുടർന്നു മിഷനറിമാരോടു ചേർന്നു സുവിശേഷ വേല ചെയ്യുവാൻ രക്ഷിതാക്കൾ അവനെ അനുവദിച്ചു. തുടർന്നു പിതാവിന്റെ ഹൃദയത്തിൽ പൂർണ്ണമായ മാറ്റം സംഭവിച്ചു. ഗുരുപ്രീത് 2012 ൽ പൂർണ്ണസമയ സുവിശേഷകനായി ചേർന്നു.

## സാമൂഹ്യ പരിവർത്തനങ്ങൾ

മിഷനറിമാരിലൂടെ ലഭ്യമായ സുവിശേഷം അവരുടെ ഹൃദയങ്ങളെ മാത്രമല്ല രൂപാന്തരപ്പെടുത്തിയത് സമൂഹത്തിലും പരിവർത്തനങ്ങൾ സൃഷ്ടിക്കപ്പെട്ടു. അവർ ദാരിദ്യത്തിൽ നിന്നും കരകയറി.

## ആരാധനയുടെ വിശദവിവരങ്ങൾ

റത്തിയായിലെ വിശ്വാസികൾ എംപി സോത്താറിലെ സഭയിലാണ് ആരാധനയിൽ സംബന്ധിച്ചിരുന്നത്. പീന്നീട് അവർ മിഷനറിമാരോടു രത്തിയായിൽ ആരാധന സംഘടിപ്പിക്കുവാൻ അഭ്യർത്ഥിച്ചു. മിഷനറി രാജ എഡ്വിൻ മോസസ് ശക്തി നഗറിലുള്ള തന്റെ ഭവനത്തിൽ ആരാധന യോഗം ആരംഭിച്ചു. ഈ ആരാധനയിൽ പ്രാദേശിക വിശ്വാസികളുടെ കൂടെ നാലു നേഴ്സിംഗ് വിദ്യാർത്ഥിനികളും സംബന്ധിച്ചു. ആരാധനയിൽ സംബന്ധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചപ്പോൾ വിശാലമായ ഒരു ഇടം ആരാധനക്കായി അവർ തേടി. വിശ്വാസിയായ കാലുവിന്റെ ഇളയ സഹോദരന്റെ ഭവനത്തിൽ ആരാധന തുടങ്ങി. അവിടെയും സ്ഥലം പോരാതെ വന്നതു കാരണം 2006 ൽ പ്രാദേശിക വിശ്വാസികളുടെ സഹായത്തോടെ 80,000 രൂപ ചിലവഴിച്ചു ഒരു താല്ക്കാലിക ഷെഡു നിർമ്മിച്ചു ആരാധന ആരംഭിച്ചു.

## ദൈവാലയ സ്ഥലവും നിർമ്മാണവും

12 ലക്ഷം രൂപ നൽകി ശ്രീ പെഹൽവാനിൽ നിന്നും 12 മാർല സ്ഥലം വാങ്ങി. ഓഡെ രാജ്പുത്, റായ് സിഖ്, ബാജിഗാർ, ധനക്, ബാൽമികി എന്നു സമുദായത്തിലെ അംഗങ്ങൾ ഉൾപ്പെ

ടുന്ന സഭ ദൈവാലയ നിർമ്മാണ വേളയിൽ എതിർപ്പു നേരിട്ടു. വെല്ലുവിളികളുടെ നടുവിൽ റവ. രാജ എഡ്വിൻ മോസസും വിശ്വാസികളും പ്രാർത്ഥനയോടെ നിർമ്മാണം തുടർന്നു. 2011 ജൂൺ 11 ന് ദൈവാലയത്തിനു അടിസ്ഥാനമിട്ടു. 2011 നവംബർ 25 ന് റവ. ക്രിസ്റ്റോഫർ തോമസ് ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നിർവഹിച്ചു. വിശ്വാസികൾ വിവിധ രീതികളിൽ ദൈവാലയ നിർമ്മാണത്തെ സഹായിച്ചു. ഒരു വിശ്വാസി 100 ചാക്ക് സിമിന്റു നൽകി. മറ്റൊരാൾ 2 ലക്ഷം രൂപ നൽകി. അനേകർ കായികമായി അദ്ധ്വാനിക്കുകയും മറ്റു പലവിധ സഹായങ്ങൾ നൽകുകയും ചെയ്തു. നിർമ്മാണ കാലയളവിൽ ശ്രീമതി വനിത റാണി അഞ്ചുമാസം ഉപവസിച്ചു പ്രാർത്ഥിച്ചത് ശ്രദ്ധേയമാണ്. മുൻ സോണൽ സെക്രട്ടറി, റീജിണൽ സെക്രട്ടറി തുടങ്ങിയവർ ഉൾപ്പടെ മിഷനറിമാരും വലിയൊരു കൂട്ടം ആളുകളും സമർപ്പണ ശുശ്രൂഷയിൽ പങ്കെടുത്തു.

## റത്തിയായിലെ എതിർപ്പുകളുടെ ചരിത്രം

മിഷനറിമാർ പലപ്പോഴും മത തീവ്രവാദികളുടെ എതിർപ്പുകളെ അഭിമുഖീകരിച്ചിട്ടുണ്ട്. ഇവരുടെ എതിർപ്പുകളും ഭീഷണികളും കാരണം മിഷനറിമാർ താമസിക്കുന്ന വാടക വീടിന്റെ ഉടമസ്ഥർ മിഷനറിമരെ വീട് ഒഴിയുവാൻ നിർബന്ധിച്ചിട്ടുണ്ട്. ഒരു വാർഡ് മെമ്പർ മിഷനറിമാരെ ദേഹോപദ്രവം എല്പിക്കുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ പിന്നീട് അദ്ദേഹം ഗുരുതരമായ ആരോഗ്യ പ്രശ്നം നേരിട്ടു. പ്രമേഹം മൂലം അയാളുടെ കാൽ മുറിച്ചു മാറ്റേണ്ടിയും വന്നു. കൂടാതെ ക്രിസ്തുമതത്തെ എതിർക്കുന്ന ഒരു പ്രാദേശിക യുവനേതാവ് മിഷനറിയുടെ ഫോൺ കോളുകൾ ചോർത്തി, എന്നാൽ സമീപത്തു താമസിച്ചിരുന്ന തമിഴ് കുടുംബം ഈ വിവരം മിഷനറി അറിയിച്ചു.

## സഭയുടെ നടപടികളും മറ്റു വിവരങ്ങളും

### സുവിശേഷീകരണ പ്രവർത്തനം

സഭാമൂപ്പന്മാർ ആഴ്ച തോറും സമീപ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. റത്തിയ സഭയിലെ 90% സ്നാനവും ഈ പ്രവർത്തനത്താലാണ് നടന്നത്. എല്ലാ ഞായറാഴ്ചയും പ്രാദേശിക സുവിശേഷകൻ ഗുരുപ്രീതിന്റെയും കുടുംബത്തിന്റെയും നേതൃത്വത്തിൽ നടത്തിയ സണ്ടെസ്കൂളിൽ 50 മുതൽ 70 കുട്ടികൾ വരെ സംബന്ധിക്കുന്നു. മാസം തോറും യുവജന യോഗങ്ങൾ നടത്തുന്നു. എല്ലാ ചൊവ്വാഴ്ചയും സ്ത്രികൾ ഒരുമിച്ചു കൂടി വിവിധ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ബുധനാഴ്ചകളിൽ ഉപവാസ പ്രാർത്ഥനകൾ സംഘടിപ്പിക്കുന്നു. പ്രാദേശിക സുവിശേഷകരും മിഷനറിമാരും നേതൃത്വം നൽകുന്ന ഞായറാഴ്ച ആരാധനയിൽ 70 മുതൽ 100 പേർ വരെ വന്നു സംബന്ധിക്കുന്നു. റത്തിയ സഭയിൽ 989 അംഗങ്ങൾ ഉണ്ട്.

### റത്തിയ സഭയിലെ പൂർണ്ണസമയ സുവിശേഷ പ്രവർത്തകർ

ശ്രീമതി ദേവി റാണി ജയബീർ സിങ് FMPB യിലെ പൂർണ്ണ സമയ മിഷനറിയായി രാജസ്ഥാനിലെ മിഷൻ വയലുകളിൽ പ്രവർത്തിക്കുന്നു. അവളുടെ ഇളയ സഹോദരൻ സാം സുന്ദർ ഹരിയാന റീജിയനിൽ പ്രാദേശിക സുവിശേഷകനായി പ്രവർത്തിക്കുന്നു. രത്തൻഘട് ഗ്രാമത്തിലെ ശ്രീമതി ഗുരുപ്രീത് FMPB മിഷനറിയായി മഹാരാഷ്ട്രയിൽ പ്രവർത്തിക്കുന്നു. ശ്രീ. വികാസ് മസി, ശ്രീ. ഗുരുപ്രീത് എന്നിവരും ഹരിയാന റീജിയനിൽ പ്രാദേശിക സുവിശേഷകരായി പ്രവർത്തിക്കുന്നു. റത്തിയായിൽ നിന്നുള്ള ശ്രീ. ഇന്ദർജിത് സ്വതന്ത്ര പാസ്റ്ററായി പ്രവർത്തിക്കുന്നു.

# പിന്തുടരേണ്ട കാൽപാടുകൾ



**ജോഹാൻ ലിയോൺഹാർഡ് ഡോബർ**

ജോഹാൻ ലീയോൺഹാർഡ് ഡോബർ, 1706 മാർച്ചിൽ ജർമ്മനിയിലെ സ്വാബിയായിലുള്ള മോഞ്ച്സ്രോത്തിൽ ജോഹാൻ ഡോബറിന്റെയും അന്ന ബാർബറ ലിങ്കിന്റെയും മകനായി ജനിച്ചു. യൗവ്വനകാലത്തു തന്നെ പിതാവിൽ നിന്നും മൺപാത്ര കച്ചവടം പഠിച്ചു. പതിനേഴാമത്തെ വയസ്സിൽ ഹെരൻഹട്ടിലെ മൊറാവിയൻ ആരാധന യോഗത്തിൽ സംബന്ധിക്കുന്ന വേളയിൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

1731 ജൂലൈ 24 ന് നടന്ന ഒരു മീറ്റിംഗിൽ കരീബിയൻ അടിമകൾക്കിടയിൽ സുവിശേഷത്തിനുള്ള മഹത്തായ അവസരത്തെ കുറിച്ചു ഡാനീഷ് ദ്വീപയായ സെന്റ് തോമസിൽ നിന്നുള്ള മുൻ അടിമ ആന്തോളി ഉൾറിച്ചിൽ നിന്നു താൻ കേട്ട കാര്യങ്ങൾ നിക്കോളോസ് ലുഡ്വിഗ് സിൻസെൻഡോർഫ് അവിടെ കൂടിയിരുന്ന സഹോദരങ്ങളുമായി പങ്കുവെച്ചു. ഡോബർക്കു ആ രാത്രിയിൽ ഉറങ്ങുവാൻ കഴിഞ്ഞില്ല. തന്റെ ദ്വീപിൽ വന്നു ആത്മീക അന്ധത ബാധിച്ചിരിക്കുന്ന ജനങ്ങളോടു ക്രിസ്തുവിന്റെ സന്തോഷം അറിയിക്കുവാൻ ഒരു വെസ്റ്റ് ഇന്ത്യൻ അടിമ തന്നോടു അഭ്യർത്ഥിക്കുന്നതായി അദ്ദേഹത്തിനു തോന്നി. അടിമകളുടെ ഇടയിൽ ശുശ്രൂഷ ചെയ്യണമെങ്കിൽ ഒരു അടിമയായി തന്നെ വിൽക്കണമെന്നു അയാൾ തിരിച്ചറിഞ്ഞു. ക്രൂരമായ മർദ്ദനവും കൊടുംചൂടും വൃത്തഹീനമായ സാഹചര്യവും അടമികളുടെ അധോഗതിയും അദ്ദേഹത്തെ വേട്ടയാടി. കഷ്ടപ്പെടുന്ന അടിമകളെ കുറിച്ചുള്ള ചിന്താഭാരം രാവും പകലും അദ്ദേഹത്തിന്റെ ഹൃദയത്തെ അലട്ടി കൊണ്ടിരുന്നു. ത്യാഗപൂർണ്ണമായ ജീവിതത്തിലേക്കാണ് ദൈവം തന്നെ വിളിക്കുന്നതെന്നു ഡോബർ തിരിച്ചറിഞ്ഞു.

ഡോബർ തന്റെ സുഹൃത്ത് തോബിയാസ് ല്യൂപോൾഡുമായി തന്റെ ഹൃദയഭാരം പങ്കുവെച്ചപ്പോൾ സുഹൃത്തിനും ഇതെ ആത്മഭാരം ഉണ്ടെന്നത് തന്നെ ആശ്ചര്യപ്പെടുത്തി. അവർ ഒരുമിച്ചു മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുകയും കർത്താവിന്റെ വേല ചെയ്യുവാൻ തങ്ങളെത്തന്നെ പുനർസമർപ്പിച്ചു. വ്യക്തി

പരമായ ആഗ്രഹങ്ങളോ സുരക്ഷിതത്വമോ പരിഗണിക്കാതെ ദൈവഹിതം അനുസരിക്കുവാൻ തീരുമാനിച്ചു. അവർ തങ്ങളുടെ പ്രതിബദ്ധത കൗണ്ട് സിൻസെൻഡോർഫിനെ അറിയിച്ചു. ദൈവത്തെ സേവിക്കുന്നതിനുള്ള അവരുടെ പ്രതിബദ്ധത ഏറെ പ്രോത്സാഹജനകമായിരുന്നെങ്കിലും ഡോബറും ഡ്യൂപോൾഡും നന്നെ ചെറുപ്പമായിരുന്നതിനാൽ തുടക്കത്തിൽ ഒരു വർഷത്തോളം മൊറോവിയൻ സഹോദരന്മാർ ഒരു നടപടിയും എടുത്തില്ല. ഒടുവിൽ അവർ തങ്ങളുടെ ആഗ്രഹം സഭാ നേതാക്കന്മാരെ അറിയിച്ചു. എതിർപ്പും പരിഹാസവും നേരിട്ടെങ്കിലും അവർ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും സിൻസെൻഡോർഫിന്റെ ഉപദേശ പ്രകാരം നറുക്കെടുപ്പിലൂടെ ദൈവഹിതം തിരിച്ചറിയാൻ ശ്രമിക്കയും ചെയ്തു. നറുക്കെടുപ്പിലൂടെ ഡോബറിന്റെ ദൈവവിളി കർത്താവ് സ്ഥിരീകരിക്കുകയും സുഹൃത്തിനായി കാത്തിരിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തു. ഡോബറിന്റെ കൂടെ പോകുവാൻ ഡേവിഡ് നീറ്റ്ഷ്മാനെ തിരഞ്ഞെടുക്കുകയും അവർ ഒരുമിച്ചു കരിബ്ബീയനിലേക്കു യാത്ര പുറപ്പെട്ടു.

## സെന്റ് തോമസിലെ ശുശ്രൂഷ

അവർ യാത്ര തുടങ്ങുന്നതിനു മുമ്പ് കൗണ്ട് സിൻസെൻഡോർഫ് അവരെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. ഡോബറും നീറ്റ്ഷ്മാനും വെസ്റ്റ് ഇൻഡിസിലേക്കുള്ള ഒരു കപ്പലിൽ കയറി കോപ്പൻഹെഗനിയിലേക്കു യാത്ര ചെയ്തു. അവിടെയുള്ള ഉദ്യോഗസ്ഥർ ഇവരുടെ ധൈര്യത്തിൽ ആശ്ചര്യപ്പെട്ടു. സാമ്പത്തിക സഹായമില്ലാതെ എങ്ങനെ ഇവർ ജീവിക്കുമെന്നു ചോദിച്ചു. അടിമകളുടെ ഇടയിൽ ഒരു അടിമയായി ജോലി ചെയ്യുമെന്നു മറുപടി പറഞ്ഞു. വെള്ളക്കാരെ അടിമകളാക്കുവാൻ അധികാരികൾ അദ്യം വിമുഖത കാണിച്ചിരുന്നു, എന്നാൽ സ്വയം അടിമകളാകാതെ, കരിമ്പിൻ തോട്ടത്തിൽ പണിയെടുക്കുന്ന അടമികളോടു സുവിശേഷം പ്രസംഗിക്കുവാൻ ഡോബറിനും നീറ്റ്ഷ്മാനും അവസരം ലഭിക്കില്ലെന്നു അവർ മനസ്സിലാക്കി. മിഷനറിമാരുടെ ഉറച്ച പ്രതിബദ്ധത മനസ്സിലാക്കിയ ഉദ്യോഗസ്ഥർ 1732 ഒക്ടോബർ 8 ന് യാത്ര പുറപ്പെടുവാൻ അവർക്കു അനുമതി നൽകി.

രണ്ടു മാസത്തിനു ശേഷം അവർ സെന്റ് തോമസിൽ എത്തി അവിടെ അവർ അടിമകളോടു സുവിശേഷം പ്രസംഗിച്ചു. അവരുടെ പ്രതീക്ഷക്കു വിരുദ്ധമായി, അടിമ ജീവിതം അവർ ഭയപ്പെട്ടതുപോലെ കഠിനമായിരുന്നില്ല. ഒരു മൺകുടിലിൽ പാർത്തു കൊണ്ട് മൂന്നു മാസം അവർ ഒരുമിച്ചു പ്രവർത്തിച്ചു. അടിമകളോടു സുവിശേഷം പ്രസംഗിക്കുവാൻ അടിമയാകുവാൻ ഡോബർ ഒരുക്കമായിരുന്നെങ്കിലും ദൈവത്തിന്റെ കരുതലിനാൽ തന്റെ സന്ധാരണത്തിനു ആവശ്യമായതു തനിക്കറിയാവുന്ന മൺപാത്ര നിർമ്മാണത്തിലൂടെയും ആശാരി പണിയിലൂടെയും കണ്ടെത്തി. തത്ഫലമായി ക്രിസ്തുവിൽ സ്വതന്ത്രരായ മനുഷ്യരെ ഉരുവാക്കുവാൻ ഒരു അടിമയുടെ സ്ഥാനം മനസ്സോടെ സ്വീകരിച്ച ഡോബറിനെ ജനം സ്നേഹിക്കുവാനും വിശ്വസിക്കുവാനും തുടങ്ങി. കാലക്രമേണ ഇരുണ്ട ഹൃദയങ്ങൾ ദൈവത്തിന്റെ കരുണയുടെയും കൃപയുടെയും സുവാർത്തയാൽ പ്രകാശിതമായി. ഇവരുടെ ശുശ്രൂഷയിലൂടെ 13000 പേരുടെ ജീവിതം സുവിശേഷത്താൽ രൂപാന്തരപ്പെട്ടു. ഇത് മൊറൊവിയൻ മിഷനറി പ്രസ്ഥാനത്തിന്റെ ആരംഭമായിരുന്നു. ലോകത്തിന്റെ വിദൂര സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുന്നതിനുള്ള പ്രാരംഭശക്തിയായി ഇതു തീർന്നു.

## അവസാന കാലം

1734 ൽ ശുശ്രൂഷയുടെ മറ്റു ആവശ്യങ്ങൾക്കായി ഡോബർ ജർമ്മനിയിലേക്കു തിരികെ വന്നു. എന്നിരുന്നാലും സുവിശേഷത്തിനായി അദ്ദേഹം വെസ്റ്റ് ഇൻഡിസിൽ സ്ഥാപിച്ച അടിത്തറ വളർന്നു കൊണ്ടേയിരുന്നു. മൊറാവിയൻ മിഷനറിമാർ സെന്റ് തോമസ്, സെന്റ് ജോൺസ്, ജമൈക്ക, ആന്റിഗ്വ, ബാർബഡോസ് എന്നീ ദ്വീപുകളിൽ സഭകൾ സ്ഥാപിച്ചു. പിന്നീട് മറ്റു മിഷനറി സംഘടനകളും കരീബിയൻ പ്രദേശത്തെ പ്രവർത്തനം തുടർന്നു. യൂറോപ്പിലുടനീളം 30 വർഷത്തോളം നീണ്ട യാത്രക്കും ശുശ്രൂഷക്കും ശേഷം, സുവിശേഷത്തിനായുള്ള ത്യാഗപരമായ സേവനത്തിന്റെ പാരമ്പര്യം അവശേഷിപ്പിച്ച് ഡോബർ 1766 ൽ അന്തരിച്ചു.

## പ്രതിഫലനം

പാപത്തിന്റെ അടിമത്വത്തിലായിരുന്ന മനുഷ്യരെ രക്ഷിക്കുന്നതിനായി യേശു ക്രിസ്തു തന്നെത്താൻ ഒഴിച്ചു ദാസ രൂപം എടുത്തു, മനുഷ്യ സാദൃശ്യത്തിലായി. (ഫിലി.2:7). വെസ്റ്റ് ഇൻഡിസിലെ അടിമകൾക്കു സുവിശേഷം എത്തിക്കുവാൻ സ്വന്തം സുരക്ഷിതത്വവും സ്വാതന്ത്ര്യവും പോലും ത്യജിച്ച് ക്രിസ്തുവിന്റെ മാതൃക പിന്തുടർന്ന ജോഹാൻ ലീയോൺഹാർഡ് ഡോബറിന്റെ മാതൃക പിന്തുടരുവാൻ നാം തയ്യാറാണോ? സ്വന്തം സുഖസൗകര്യങ്ങളെക്കാൾ അധികം നശിക്കുന്ന ആത്മാക്കളുടെ ആവശ്യങ്ങൾക്കു മുൻഗണന നൽകുവാൻ നാം ഒരുക്കമുള്ളവരാണോ?

കർത്താവേ, നിന്റെ നാമം എന്നിലൂടെ മഹത്വപ്പെടേണ്ടതിനു ഒരു ദാസന്റെ ഹൃദയം എനിക്കു തരേണമേ. ആമേൻ!

## ക്രിസ്തുമസ് / പുതുവത്സര സമ്മാനം

കഴിഞ്ഞ ഒരാണ്ടുകാലം ദൈവരാജ്യത്തിന്റെ സ്ഥാനാപതികളായി നമുക്കു പകരം ഭാരത മണ്ണിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനായി നമ്മുടെ സ്വദേശ സുവിശേഷകർ ഉൾപ്പടെ 2588 മിഷനറിമാർ ആത്മാർത്ഥമായി 24 സംസ്ഥാനങ്ങളിലുള്ള 357 മിഷൻ വയലുകളിലായി 267 ജാതിക്കൂട്ടങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നു.

95 ബാലഭവനങ്ങളിലും 18 പ്രൈമറി സ്കൂളുകളിലും 34 ദിനപരിപാലന കേന്ദ്രങ്ങളിലും ഒരു കമ്യൂണിറ്റി കോളജിലും രണ്ടു ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലുമായി 13,628 കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനൊപ്പം അവരെ ആത്മീകമായി പരിപോഷിപ്പിക്കുന്നു.

ദൈവത്തിന്റെ വിളിക്കനുസൃതമായി ഉത്തരേന്ത്യൻ മണ്ണിൽ കർത്താവിനായി എരിഞ്ഞടങ്ങുന്ന മിഷനറിമാരെയും അവരുടെ കുടുംബത്തെയും ഈ ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആഘോഷങ്ങൾക്കിടയിൽ ഓർക്കുക. പതിവു പോലെ ഈ വർഷവും മിഷനറിമാർക്കും ബാലഭവനത്തിലെ കുട്ടികൾക്കും ക്രിസ്തുമസ്/പുതുവത്സര സമ്മാനം നൽകുന്നതാണ്. നിങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ സംഭാവന സമീപത്തുള്ള ഞങ്ങളുടെ പ്രവർത്തകരുടെയോ പ്രാർത്ഥന ഗ്രൂപ്പു നേതാക്കന്മാരുടെയോ കരങ്ങളിൽ നൽകുക.




## ജന്മദിനാശംസകൾ

നിഷ മൊങ്ക്വായി ഷോം
ജുൻമോനി മിലി

## ജമ്മു

### ഉധംപൂർ

**അരുൺ ഘാന്ത & രേണു**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഫീലിം പ്രദർശനം, രാത്രി യോഗങ്ങൾ, വ്യക്തിഗത സുവിശേഷ വേല എന്നീ പ്രോഗ്രാമുകളിലൂടെ അഞ്ചു ഗ്രാമങ്ങളിലുള്ള 1250 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. രാജേന്ദ്ര സിങ്ങിന്റെ ആശുപത്രിയിൽ കിടത്തി ചികിത്സിച്ച പിതാവിനു ദൈവം നൽകിയ സൗഖ്യം നിമിത്തം അവർ എല്ലാവരും അരാധന യോഗത്തിൽ സംബന്ധിക്കുന്നു.

നമ്മുടെ പുതിയ സ്നേഹിതരായ ഉദമ്പൂർ നഗരത്തിലെ പ്രവീന്ദർ സിങ്, രാംനഗർ ഗ്രാമത്തിലെ സൊരവ് കുമാർ എന്നിവർ യോശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാനാ ദേവിക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജേന്ദ്ര സിങ്, ഗുരുപ്രീത് കൗർ, ഹഷ്പ്രീത് കൗർ, ജഗദീശ് സിങ്ങിന്റെ കുടുംബം, ദർശന ദേവിയുടെ കുടുംബം എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയേണ്ടതിനായി പ്രാർത്ഥിക്കുക.

### നൗഷേര

**ഷൈക് സുഭാനി & എമി ഭാഗ്യ; പ്രവീൺ പി**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഒരു വ്യക്തി പഴയ സ്വഭാവം ഉപേക്ഷിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അഞ്ചു സ്ഥലത്തു ഫിലിം പ്രദർശനം നടത്തി. പള്ളി ഗ്രാമത്തിൽ നടത്തിയ അനുധാവന പ്രവർത്തനത്താൽ അഞ്ചു പുതിയ സ്നേഹിതരെ ലഭിച്ചു. അവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ജോലാപൂർ ഗ്രാമത്തിൽ നിന്നു കുടിയേറി വന്ന വിശ്വാസികളിലൂടെ രാജൗറി ജില്ലയിൽ നമുക്കു ചില സ്നേഹിതരെ ലഭിച്ചു.

പുതുതായി കണ്ടെത്തിയ ഫല്യാന ഗ്രാമത്തിലെ സുനിത കഴിഞ്ഞ 12 വർഷമായി നട്ടെല്ലു സംബന്ധമായ പ്രശ്നങ്ങളാൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്നു. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കെനിറ്റൈ ഗ്രാമത്തിലെ സഭാമൂപ്പന്മാരിൽ ഒരാളായ സുഭാഷ് വിശ്വാസികളെ വഴിതെറ്റിക്കുകയും ജനങ്ങൾ അനുതപിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തടസ്സം നിൽക്കുന്നു. ഇയാളുടെ മാനസാന്തരത്തതിനായി പ്രാർത്ഥിക്കുക. ഒരു കാലത്തു സജീവ വിശ്വാസ ജീവിതം നയിച്ച രാജേന്ദ്രനും കുടുംബവും പീഡനം നിമിത്തം ആരാധനയോഗത്തിൽ സംബന്ധിക്കുന്നില്ല. രാജൗറി ജില്ലയിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അതിന്റെ സമീപ ഗ്രാമങ്ങളിൽ മുസ്ലിങ്ങളാണ് പാർക്കുന്നത്.




## ജന്മദിനാശംസകൾ

ജോൺസൺ രാജദുരൈ
ബുസാറെ ശൈല ചിന്താമൻ
താങ്ബിയക്മുവാൻ
അനാമിക പെഗു

### സാമ്പ: അയ്യനാർ ഡേവിഡ് & മാൻപ്രീത് കൗർ



നാലു ഗ്രാമങ്ങളിലുള്ള 820 പേരോടു സുവിശേഷം പങ്കുവെച്ചു. ഒരാൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബങ്കലാർ, പൊങ്കവാൽ എന്നി ഗ്രാമങ്ങളിലെ പുതിയ സ്നേഹിതർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. രാഖ ഗ്രാമത്തിൽ നിന്നും കുടിയേറി വന്നവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കൂതാഹ് ഗ്രാമത്തിലെ റീത്ത ദേവി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പത്യാരി ഗ്രാമത്തിലെ വിശ്വാസികൾ ആ ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കുന്നതിനു താൽപര്യം കാണിക്കുന്നു.



ഹിരൻഗാർ, ഗാഗവാൽ, പൊങ്വാൽ, രാജ്പുര, സാമ്പ ജില്ലയുടെ സമീപത്തുള്ള മറ്റു ഗ്രാമങ്ങൾ എന്നിവിടങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൂത്ത ഗ്രാമത്തിലെ ഞായറാഴ്ച ആരാധനയെ എതിർക്കുകയും നമ്മുടെ ശുശ്രൂഷയെ ശല്യപ്പെടുത്തുകയും ചെയ്യുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ തമ്മിൽ ഐക്യമുള്ളവരായി വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന കോത് പുണ്ണു ഗ്രാമത്തിലെ അശ്വനിയും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സമാധാനം സ്ഥാപിതമാകണം

ജൂലൈ 26 നു നമ്മുടെ മിഷനറി ശ്രീ. ജഗമോഹൻ സിങ് സുഖമില്ലാത്ത സഭാമൂപ്പൻ ശ്രീ അനിൽ ഭായിയെ ആശുപത്രിയിൽ ചികിത്സക്കായി കൂട്ടിക്കൊണ്ടുപോയി. അവർ ആശുപത്രിയിൽ കാത്തിരിക്കുമ്പോൾ അനിൽ ഭായിക്കു പെട്ടെന്നു ഹൃദയ സ്തംഭനം ഉണ്ടായി മരണപ്പെട്ടു. അയാളുടെ ഭൗതിക ശരീരം അന്നു രാത്രിയിൽ തന്നെ സ്വന്ത ഗ്രാമമായ ഡബ്രിയാമ്പയിൽ എത്തിച്ചു. അടുത്ത ദിവസം നമ്മുടെ മിഷനറി സംസ്കാര ശുശ്രൂഷ നടത്തുന്നതിനായി ആ ഗ്രാമത്തിലേക്കു ചെന്നു. സംസ്കാര ശുശ്രൂഷയുടെ അവസാന പ്രാർത്ഥന നടത്തുമ്പോൾ ആ ഗ്രാമത്തിലുള്ള ചില അക്രൈസ്തവ കുടുംബങ്ങൾ പ്രശ്നം ഉണ്ടാക്കുവാൻ തുടങ്ങി. ഈ ബഹളത്തിന്റെ ഇടയിൽ നമ്മുടെ മിഷനറിക്കു മർദ്ദം എൽക്കേണ്ടിവന്നെങ്കിലും മിഷനറി ഒരുവിധം അവിടെ നിന്നു ഓടി രക്ഷപെട്ടു സുരക്ഷിതമായി ഭവനത്തിലെത്തി. ഈ സംഭവത്തെ തുടർന്നു ക്രമമായി നടത്തിയിരുന്ന ആരാധന യോഗം തടസ്സപ്പെട്ടു. അക്രൈസ്തവ കുടുംബം മിഷനറിയെ ഭീഷണിപ്പെടുത്തി ആ ഗ്രാമത്തിലേക്കു ഇനിയും വരരുതെന്നു മുന്നറിയിപ്പ് നൽകി. ഈ ഗ്രാമത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനും നിർത്തിവെച്ച ആരാധനക്കൂട്ടം പുനരാരംഭിക്കേണ്ടതിനും അവരുടെ ബന്ധുമിത്രാദികൾ യേശുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബ്യൂല ബ്രൈറ്റ്

# ഹിമാചൽ

### റാമ്പൂർ : ദുജപായോ ഗുയിതെ & ഫ്ളോറൻസ് ലമുവങ്

ഏഴു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 526 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പശുവിനെ കറക്കുന്നതിനായി തൊഴുത്തിലേക്കു ചെന്ന കമലദേവിയുടെ നേരെ ഒരു മൂർഖൻ പാമ്പ് ചീറി വന്നു. സഹായിക്കുവാൻ ആരുമില്ലാത്ത അവസ്ഥയിൽ അവൾ കർത്താവിനോടു പ്രാർത്ഥിച്ചു. വിഷപാമ്പ് അവളെ ഉപദ്രവിക്കാതെ പത്തി താഴ്ത്തി ഇഴഞ്ഞു പോയി. ഈ വാർത്ത മിഷനറിമാർക്കും വിശ്വാസികൾക്കും ഏറെ പ്രചോദനം നൽകി. റാമ്പൂർ പ്രദേശത്തു പടർന്നു പിടിച്ച ഡെങ്കു പനിയിൽ നിന്നു വിശ്വാസികളെയും അവരുടെ കുടുംബങ്ങളെയും മിഷനറിമാരെയും ദൈവം പരിപാലിച്ചു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവർ വിശ്വാസത്തിൽ വളർന്നു ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്താർബുദത്തിന്റെ ചികിത്സക്കു വിധേയനാകുന്ന മോത്തിലാലിനു ദിവ്യ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനിയായ കെജബഹദൂർ മദ്യാസക്തിയിൽ ഭാര്യയെയും മക്കളെയും ഉപദ്രവിക്കുന്നു. അയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സന്തോഷും കുടുംബവും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ബാവദീപ്, പുഷ്പേന്ദർ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ദുരുപദേശകരുടെ വലയിൽ കുടുങ്ങാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭവനം പണിയുന്നതിനായി 7 ലക്ഷം രൂപ ലോൺ എടുത്ത സുനിലിനു അതു തിരികെ അടയ്ക്കുന്നതിനു കർത്താവ് സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## നെർവ

### ഇമ്മാനുവേൽ എസ് & സംഗീത

രണ്ടു ഗ്രാമങ്ങളിലുള്ള 450 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഒരു വേദപുസ്തകം വിതരണം ചെയ്തു. പത്തു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. ഈ മിഷൻ വയലിൽ നിലനിൽക്കുന്ന എതിർപ്പിന്റെ മദ്ധ്യത്തിൽ പ്രാർത്ഥനക്കൂട്ടത്തിലുള്ളവർ സന്ദർശിച്ചു.

വിശ്വാസികൾ സഭാ ആരാധനയുടെ പ്രാധാന്യത ഗ്രഹിച്ച് അതിനു മുൻഗണന നൽകേണ്ടതിനായി പ്രാർത്ഥിക്കുക. സ്വന്ത കുടുംബാംഗങ്ങൾ വിശ്വാസികളെ നിർബന്ധിച്ചു അമ്പലങ്ങളിലെ പൂജാ കർമ്മങ്ങളിൽ പങ്കെടുപ്പിക്കുന്നു. വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭരാണു, ഭങ്കാൽ, അതാൽ എന്നീ സഭയിലെ വിശ്വാസികൾ തങ്ങളുടെ ആത്മീക ജീവിതത്തിൽ പുതുക്കം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചൗപാൽ, ജിഗിനിപുൾ, കുപവി എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന സുവിശേഷീകരണ പ്രവർത്തനം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

4
ഡിസംബർ
ബുധൻ

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ബേബി സെലീന അരുൾരാജ്

### റിക്കോങ്പീയോ

**ശങ്കർ എ & രൂത്ത് മേരി**

ഒരു പുതിയ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു സ്ഥലത്തു സംഘമായി സുവിശേഷീകരണ പ്രവർത്തനം നടത്തി. നാലു സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. എതിർപ്പുകളുടെ സൂചനകൾ ഉണ്ടായിരുന്നിട്ടും നാലു പ്രാർത്ഥനക്കൂട്ടം മിഷൻ വയൽ സന്ദർശനം നടത്തി. വേല ചെയ്യുന്ന വേളയിൽ വലിയ പാറ ഉരുണ്ടു വന്നെങ്കിലും ദൈവം രാമ്പാരിയെ സുരക്ഷിതമായി പരിപാലിച്ചു.

അഞ്ചു മാസം ഗർഭിണിയായ രഞ്ചുവിന്റെ ഗർഭപാത്രം വളരെ ബലഹീനമാണ്. വഴിയുടെ നിലവാരം വളരെ മോശമായതിനാൽ ഡോക്ടറെ കാണുവാൻ പോകുന്നതിനും പ്രയാസമാണ്. അവൾ മറ്റു ബുദ്ധിമുട്ടുകൾ ഇല്ലാതെ പൂർണ്ണ വളർച്ചയെത്തിയ ഒരു കുഞ്ഞിനു ജന്മം കൊടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭഗത് ചന്ദിന്റെ ഹൃദയതാളം കുറഞ്ഞെങ്കിലും ദൈവം സൗഖ്യമാക്കി.

## പഞ്ചാബ്

### മാൻസ

**ദബെർത്ത വിശ്വാസ് & മന്ന സിങ്**

പത്തക്കാലൻ, അലിഗഗർട്ട്, മോധ, സോത്തജണ്ട എന്നീ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം കൃപ നൽകി. ആറു കുടുംബങ്ങൾ പുതുതായി ആരാധന യോഗങ്ങളിൽ സംബന്ധിക്കുന്നു. മൂന്നു പേർ യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു ദൈവ സഭയിലെ അംഗങ്ങളായി. പുലാസിങ്ങിന്റെ ഭാര്യക്കു സുഖപ്രസവം ലഭിച്ചു. സഭാമൂപ്പനായ ഗുൽവിന്ദർ സിങ് സഭാ നടപടികളിലും സുവിശേഷീകരണ പ്രവർത്തനത്തിലും താൽപര്യം കാണിക്കുന്നു. മാൻസ മിഷൻ വയലിലെ തുടർന്നുള്ള പ്രവർത്തനത്തിനായി പ്രാർത്ഥിക്കുന്നതിനും ആലോചിക്കുന്നതിനും ദൈവം കൃപ ചെയ്തു. പദ്ധതിയിട്ട പ്രകാരം പ്രവർത്തിക്കുവാൻ മിഷനറിമാരെ ദൈവം ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും പുതിയ വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കഠിനമായ ഉദരവേദന നിമിത്തം ജോലി ചെയ്യുവാൻ കഴിയാതെ കഷ്ടപ്പെടുന്ന സാമിനി സിങിന്റെ സൗഖ്യത്തിനായും അവളുടെ നവജാത ശിശുവിന്റെ ആരോഗ്യത്തിനായും പ്രാർത്ഥിക്കുക. ഫത്തെപൂർ, രാമനാടി, നഹോഗി എന്നീ ഗ്രാമങ്ങളിൽ ജീസസ് ഫിലിം ടെലികാസ്റ്റ് ചെയ്തതു കണ്ടവർ യേശുവിലുള്ള രക്ഷ കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി സംബന്ധമായി കുടിയേറി പോയവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്താർബുദത്തിൽ നിന്നും പരമേശ്വരി, അപസ്മാര രോഗത്തിൽ നിന്നും ധോണി സിങ്, അമിത രക്തസമ്മർദ്ദത്തിൽ നിന്നും ഗുൽദീപ് സിങ്, മെട്രോ കൗർ, ഗുരുചരൺ കൗർ, തലച്ചോറു സംബന്ധമായ രോഗത്തിൽ നിന്നും കരിപാൽ സിങ് എന്നിവർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**5**
**ഡിസംബർ**
**വ്യാഴം**

## അഹമ്മദ്ഗഢ് മാന്ദി

### കൃപ രക്ഷണ & ഷക്കീന

ശങ്കർ, മത്തോയ് എന്നീ ഗ്രാമങ്ങളിലുള്ള 600 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇവിടെ സംഘടിപ്പിച്ച സുവിശേഷ മേളയിൽ 300 വ്യക്തികൾ സംബന്ധിച്ചു. സ്ത്രീകൾക്കായ് രണ്ടു സ്ഥലത്തു പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. ഒരിടത്തു യുവജന സമ്മേളനവും മൂന്നു അക്രൈസ്തവ ഗ്രാമങ്ങളിൽ രാത്രി യോഗങ്ങളും നടത്തി.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവർ അതു ധൈര്യപൂർവ്വം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. ലതാല, ബാലെവാൽ, അലമഗ് എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്ലീഹ വലുതാകൽ, ഹെർണിയ, ആമാശയത്തിലെ നീർക്കെട്ട്, കരളിൽ നീർവീക്കം തുടങ്ങിയ വിവിധ രോഗങ്ങളാൽ വലയുന്ന ധർമ്മീന്ദറിനു കർത്താവ് ദിവ്യ സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗികളായ റീന, ആശു, ജസ്‌വീർ എന്നിവരുടെയും ഗർഭപാത്രത്തിൽ മുഴയുള്ള മാൻപ്രീതിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ യുവതികൾക്കു നല്ല ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ഖാജുവാല : കുമാർ & പാട്രീഷ്യ തമിൽസെൽവി

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തുവാൻ മുന്നോട്ടു വന്നു. പുതിയ സ്നേഹിതരായ സതീഷ് സിങ്, ജശ്വന്ത്, സർജിത് കൗർ, പരംജിത് എന്നിവർ യേശുവിനെ കുറിച്ചു കൂടുതൽ അറിയുവാൻ ഉത്സാഹം കാണിക്കുന്നു. നമ്മുടെ വിശ്വാസിയായ ഹർശദീപിനു സിഗപ്പൂരിൽ പഠനത്തോടു കൂടി നല്ലൊരു ജോലി ലഭിച്ചു. ഈ വർഷം നമ്മുടെ വിശ്വാസികൾക്കു നല്ല വിളവ് ലഭിച്ചു.

കാൻസർ രോഗത്തിന്റെ ചികിത്സക്കു വിധേയനായ ഡങ്കാർ സിങിനു പൂർണ്ണ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കർത്താർ സിങ് പൂർണ്ണ ഹൃദയത്തോടെ യേശുവിനെ കർത്താവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പരംജിത്തിനു നല്ലൊരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂനത്തിന്റെ ഉദരവേദന എന്തുകൊണ്ടെന്നു ഇതുവരെ കണ്ടെത്തിയില്ല. ഒരു വർഷത്തലധികമായി കഷ്ടപ്പെടുന്ന അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സോനാഭായിയുടെ മകൻ ലക്കറാമിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.. മിഷനറി പ്രവർത്തനത്തിനു താൽപര്യമുള്ള യൗവ്വനക്കാരെ കർത്താവ് എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പീഡനം വർദ്ധിക്കുമ്പോൾ വിശ്വാസികൾക്കു വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനു ആവശ്യമായ ധൈര്യവും ശക്തിയും പരിശുദ്ധാത്മാവിനാൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ഹനുമാൻഘട്

### മുധാവാത്തു രാജു നായക് & ഝാൻസി ഭായ്

കുൻജ, ITI കോളനി എന്നിവിടങ്ങളിലുള്ള രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 50 പുതിയ നിയമവും 2 വേദപുസ്തകവും വിതരണം ചെയ്തു. രത്തൻപുര ദാനി, ബുലച്ചവാലി, ഭാരവാലി ദാനി, ബാൺവാലി, ഇട്ടപുത എന്നീ ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി. അഞ്ചു സ്ഥലത്തു അനുധാവന പ്രവർത്തനം നടത്തി. മസാനി ഗ്രാമത്തിൽ ആരാധന യോഗം നടന്നു കൊണ്ടിരിക്കുമ്പോൾ 250 പേർ അടങ്ങുന്ന റാം ലീല സംഘം ആരാധന സ്ഥലത്തേക്കു ഇടിച്ചു കയറി, ദൈവം നമ്മുടെ മിഷനറിമാരെയും വിശ്വാസികളെയും പരിപാലിച്ചു.

സണ്ണിക്കു അനുയോജ്യമായ ജീവിതപങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിനോദ് കുമാർ ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോലിക്കായി മുംബൈയിലേക്കു പോയ രാജ് കുമാർ അവിടെ നേരിടുന്ന പ്രശ്നങ്ങളിൽ നിന്നു മുക്തനായി മനസമാധാനം അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തനം ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തി.

## സങ്കരിയ : അമിർകാന്ത് ദിഗാൽ & നിരോള ദിഗാൽ

രത്തൻപുര ഗ്രാമത്തിലെ പുതിയ സ്നേഹിതരായ ഹനുമാൻ, അയാളുടെ അമ്മ കൃഷ്ണ എന്നിവർ യേശുവിനെ രക്ഷിതാവായയി സ്വീകരിക്കുവാൻ താൽപര്യം കാണിക്കുന്നു. ക്ഷയരോഗത്താൽ വലഞ്ഞ ജീത്തറാം പ്രാർത്ഥനയിലൂടെ സുഖം പ്രാപിക്കുന്നു. നുക്കേര ഗ്രാമത്തിലെ ആരാധന യോഗത്തിൽ അവൻ പതിവായി സംബന്ധിക്കുന്നു. അവന്റെ കുടുംബാംഗങ്ങളും രണ്ടു സഹോദര കുടടുംബങ്ങളും സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നാഗരാണ ഗ്രാമത്തിലെ ചിതറിപ്പോയ പഴയ വിശ്വാസികൾ ഒന്നിനു പുറകെ ഒന്നായി തിരികെ വന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. നാഗരാണ ഗ്രാമത്തിലെ ജഗശീർ നമ്മുടെ ശുശ്രൂഷയിൽ സഹകരിക്കുന്നു. ഈ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ വസ്തു കണ്ടെത്തുവാനും ജഗശീർ ശ്രമിക്കുന്നു.

നാഗരാണ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹനുമാൻ, കൃഷ്ണ, സർവജീത്, ഇന്ദർ, ഒക്കിൽ എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. വിഷപാമ്പിന്റെ കടിയേറ്റ വിശ്വാസിയായ ബാഗസിങ്ങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കടിയേറ്റ കാലിനു നീരുണ്ട് മുറിപ്പാടിൽ നിന്നും സ്രവം ഒഴുകി വരുന്നു. മാറിടത്തിലെ മുഴയിൽ നിന്നു കുലുവിന്ദർ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൃഷ്ണയുടെ രണ്ടു വൃക്കകളും ശരിക്കു പ്രവർത്തിക്കേണ്ടതിനും രാജവതിക്കു സംസാരിക്കുവാനും കേൾക്കുവാനും കഴിയേണ്ടതിനായും പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബീനാക്ഷി ബി വസാവ
ബിദാൻ ഹൻസ്ത

### തപുക്കാര

**ജോൺസൺ തമിൽ സെൽവൻ & രാജമ്മാൾ തമിൽ സെൽവൻ; ദാനിയേൽ മാൽവെൽ രാജ് & ജപശീലി**

മനോജും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു ഗ്രാമപഞ്ചായത്തിന്റെ മുമ്പാകെ ഹാജരാകേണ്ടി വന്നു. പഞ്ചായത്തു കൂടിയ ജനത്തിനു മുമ്പിൽ അവർ ധൈര്യപൂർവ്വം ക്രിസ്തുവിന്റെ സാക്ഷിയായി. ഭവന പ്രതിഷ്ഠയിൽ വന്നു കൂടിയ 50 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. ഗുരുതരാവസ്ഥയിൽ ഡോക്ടറന്മാർ പ്രതീക്ഷ കൈവിട്ട വേളയിൽ രക്ഷിതാക്കളുടെ പ്രാർത്ഥനയുടെ ഫലമായി പ്രവിന്ദർക്കു സുഖ പ്രസവം നൽകി.

സുവിശേഷ വേലയിൽ പങ്കാളികളാകുന്നവർ മറ്റുള്ളവരോടു ധൈര്യപൂർവ്വം സുവിശേഷം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലവിത, ജുവാന എന്നീ ഗ്രാമങ്ങളിലെ കുട്ടികളുടെ ഇടയിൽ പ്രവർത്തനത്തിനുള്ള വാതിൽ തുറക്കേണ്ടതിനും പ്രവർത്തനം പുരോഗമിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഗുരുദ്വാര കമ്മറ്റി കുമാർപൂറിലുള്ള വിശ്വാസികൾക്കു ഭ്രഷ്ടു കല്പിക്കുന്നതിനു പദ്ധതിയിടുന്നു. അവരുടെ പദ്ധതി വ്യർത്ഥമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തരഖാണ്ഡ്

### നനക്മാട്ട : രാമസ്വാമി ജറോം & അന്തോണി രാജം

കിദോർ, ദലിയാപൂർ എന്നീ ഗ്രാമങ്ങളിലുള്ള 100 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഗർഭിണിയായ കാജലിന്റെ ശരീരത്തിൽ രക്തകുറവ് വന്നതിനാൽ വിശ്വാസികൾ പ്രാർത്ഥിച്ചു. ദൈവം അവളെ ഗുരുതരാവസ്ഥയിൽ നിന്നു വിടുവിച്ചു സുഖ പ്രസവം നൽകി. പച്ചിമാട ഗ്രാമത്തിലെ ലൗവ്ജോർ പൈശാചിക ബന്ധനത്തിൽ നിന്നു പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. കുടുംബ പ്രശ്നങ്ങൾ നിമിത്തം വിഷം കുടിച്ച ശീമോന്റെ ജീവൻ മറ്റുള്ളവരുടെ പ്രാർത്ഥന കേട്ടു ദൈവം രക്ഷിച്ചു. അപകടത്തിൽ നിസ്സാര പരുക്കുകളോടെ സിമ്രാനെ ദൈവം പരിപാലിച്ചു. ഗർഭാപാത്രത്തിൽ ശസ്ത്രക്രീയ ചെയ്യുവാൻ ഡേക്ടറന്മാർ തീരുമാനിച്ചെങ്കിലും അഞ്ജലിയുടെ പ്രാർത്ഥന കേട്ടു ഓപ്പറേഷൻ ഇല്ലാതെ ദൈവം സൗഖ്യമാക്കി.

ആത്മഹത്യ പ്രവണതയിൽ നിന്നും വിമല കൗർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിദേശത്തു ജോലി വാഗ്ദാനം ചെയ്തു കുൽദീപിനെ സാമ്പത്തികമായി വഞ്ചിച്ച വ്യക്തിയുടെ മാനസാന്തരത്തിനായും അവർ പണം തിരികെ നൽകേണ്ടതിനായും പ്രാർത്ഥിക്കുക. കുൽദീപ് സിങ്ങിനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ഹിമാൻഷി വിടുതൽ പ്രാപിച്ചു. കത്തോലിക്ക സ്ഥാപനത്തിൽ ജോലി ചെയ്യുന്ന അമിത് വിവേചനം നേരിടുന്നു, അവന്റെ ജീവിതത്തിൽ ദൈവം ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ജലിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. അവളുടെ ഭർത്താവ് ദുഷിച്ച സ്വഭാവം ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

8
ഡിസംബർ
ഞായർ

## ജന്മദിനാശംസകൾ

ഡോൺസാച്ചിൻ
റീന ആരോൺസിങ് നർസാരി

### കിച്ച

**ബിഭാഹ പാനി & ബിന്തിക പാനി**

60 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ശക്തി ഗ്രാമത്തിൽ നിന്നു കോമൾ എന്ന പുതിയ സ്നേഹിതയെ ലഭിച്ചു. എട്ടു പുതിയ നിയമം വിതരണം ചെയ്തു. 11 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി.

ബോടാലി, സാജന, ന്യൂ മങ്കൾ, ലാൽപൂർ, കിസൻപുര, ബോടോറി, പ്രതാപ്പൂർ, കിച്ച, സിമോലിൻ, ഡോറെഡാം, ശാന്തിപുരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധന ആരംഭിക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുരുദ്വാരയിൽ നിന്നുള്ള ശക്തമായ എതിർപ്പിൽ വിശ്വാസികൾ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ഗോണ്ട ബാല ഭവനം

**ഓം പ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

നാലു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. മൂന്നു സ്ഥലത്തു വേദപഠന ക്ലാസ്സുകൾ നടത്തുന്നു. മിഷനറിമാരുടെ അസാന്നിധ്യത്തിൽ ബാലഭവനത്തിലെ മുതിർന്ന കുട്ടികൾ സമീപ ഗ്രാമങ്ങളിലെ ആരാധനക്കു നേതൃത്വം നൽകി. നൻപാറയിലെ ആരാധന യോഗത്തിൽ അനേക പുതിയ വ്യക്തികൾ സംബന്ധിക്കുന്നു. വിദ്യ റാം കുറച്ചു പുതിയ ആളുകളെ സഭയിലേക്കു കൂട്ടിക്കൊണ്ടുവന്നു. അവരുടെ ആത്മീക വളർച്ചക്കു ആവശ്യമായ സഹായവും ചെയ്തു കൊടുക്കുന്നു. നട്ട് സമുദായത്തിലുള്ളവർ ക്രിസ്തേശുവിൽ വളരുന്നു. അവർ തങ്ങളുടെ സമുദായത്തെ ക്രിസ്തുവിനായി നേടുന്നു.

ബാലഭവനത്തിലെ കുട്ടികൾ അവരുടെ അർദ്ധ വാർഷീക പരീക്ഷ നല്ലവണ്ണം എഴുതേണ്ടതിനായി പ്രാർത്ഥിക്കുക. തിലക്കായ്, സമ്പുത്താര, കുക്കുർബോഖ, കീരവാര, ഭാൽവ, ഗംഗവാൽ, നാഥ് നഗർ എന്നീ ഗ്രാമങ്ങളിലെ ശുശ്രൂഷ ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സർഗാണ്ട ഗ്രാമത്തിൽ ആത്മീക ഉണർവ്വ്

ജാർഖണ്ഡിൽ ഭഗയ്യ മിഷൻ വയലിലെ സർഗാണ ഗ്രാമത്തിലെ ജനങ്ങൾ സുവിശേഷത്തോടു എതിർപ്പു പ്രകടിപ്പിക്കുന്നതിനാൽ അവിടെ സുവിശേഷം അറിയിക്കുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും വിഫലമായി. എന്നിരുന്നാലും ഗ്രാമത്തിൽ തുടർമാനമായി ഉണ്ടാകുന്ന അനർത്ഥങ്ങൾ - ചെറുപ്പക്കാരുടെ തുടർച്ചയായുള്ള മരണങ്ങൾ, മേൽക്കൂരകളിൽ പെട്ടെന്നുണ്ടാകുന്ന തീ പിടുത്തങ്ങൾ, വളർത്തു മൃഗങ്ങളുടെ പെട്ടെന്നുള്ള മരണം എന്നിവ ഗ്രാമീണരെ ചിന്തിപ്പിച്ചു. ഈ ദുരന്തങ്ങൾ നിമിത്തം ഗ്രാമവാസികൾ മിഷനറിമാരെ ക്ഷണിച്ചു ഗ്രാമത്തിൽ സുവിശേഷ യോഗങ്ങൾ നടത്തി. അങ്ങനെ സർഗാണ ഗ്രാമത്തിൽ വീണ്ടും ദൈവവേല ആരംഭിച്ചു. യേശുവിനു മഹത്വം!




**ജിൻജക്**

**സമരേന്ദ്ര സിങ് & സുസ്മിത; പുംസൺചിൻ & ലുൻചിങ്**

നാലു ഗ്രാമങ്ങളിലുള്ള 75 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. രണ്ടു വ്യക്തികൾ തങ്ങളുടെ പഴയ സ്വഭാവം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സലെമ്പൂർ ഗ്രാമത്തിൽ വിഘ്നങ്ങളൊന്നുമില്ലാതെ വിശ്വാസികളുടെ യോഗം നടത്തി.

എല്ലാ ഇടത്താവളങ്ങളിലും ക്രിസ്തുമസ് പ്രോഗ്രാം തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. യുവജനങ്ങൾ ആവേശപൂർവ്വം സഭ ആരാധനകളിലും പ്രവർത്തനങ്ങളിലും പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. ജിൻജക് മിഷൻ വയലിലെ വിശ്വാസികളുടെ ആത്മീക ഉണർവ്വിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

**ബിന്ദ് : ജപകുമാർ & ജയന്തി**

രണ്ടു ഗ്രാമങ്ങളിലുള്ള 120 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. വയോജന വിദ്യാഭ്യാസം, ആത്മാക്കളെ നേടുന്നതിനുള്ള പരിശീലനം, കുട്ടികൾക്കും കൗമാരക്കാർക്കായുള്ള കൗൺസിലിംഗ് എന്നിവ വിജയകരമായി നടത്തി. എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. സോണിക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. മഴയിൽ അനേകരുടെ വിളവുകൾ നഷ്ടപ്പെട്ടപ്പോഴും ദൈവം നമ്മുടെ വിശ്വാസിറാം ചൗദാന്റെ വിളവ് സംരക്ഷിച്ചു.

പ്രീയങ്ക അനിലിന്റെ ഭാര്യ രാജ്വീർ ഗൗരവും പൂനമിന്റെ കുടുംബാംഗങ്ങളും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിത്തി, സക്രൈ, കബീർ നഗർ എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാർ ആരാധനയിലും സുവിശേഷീകരണ യോഗത്തിലും ആത്മാർത്ഥമായി സഹകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ബീഹാർ

**റാണിഗഞ്ച് : ധർമ്മേന്ദ്ര പരിച്ച & മധുസ്മിത പാനി**

എതിർപ്പിനെ തുടർന്നു ഒരു വർഷത്തോളം നിർത്തിവെച്ച മാധെപുര ഗ്രാമത്തിലെ ആരാധന പുനാരാരംഭിച്ചു. അഞ്ചു ഗ്രാമങ്ങളിൽ വ്യക്തിഗത സുവിശേഷ വേല ചെയ്തു. ബംഗാളി ടോള ഗ്രാമത്തിലെ അജയ് ദാസ് പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. അവൻ ജോലിക്കായി ഭോപ്പാലിലേക്കു പോയി.

സിർസിയ കല ഗ്രാമത്തിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുഖ്നി ദേവിയുടെ മാനസിക രോഗിയായ മകൻ ബടാൽ റിഷിദേവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. റീന ദേവിയും മർക്കുസ് മണ്ഡലും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചു സമാധാനപരമായ കുടുംബ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തേജു റിഷിദേവിന്റെ കുടുംബം ചികിത്സക്കായി അധിക പണം ചിലവഴിച്ചതിനാൽ സാമ്പത്തീകമായി കഷ്ടപ്പെടുന്നു.




## ജന്മദിനാശംസകൾ

ജോൺ കുളു

## ജാർഖണ്ഡ്

### ധാൽബുഗട് ബാലഭവനം

**വഗേര പ്രമോദ് കുമാർ & ജാഷോദ് ബൻ**

വയറിളക്കത്താലും പനിയാലും കഷ്ടപ്പെട്ട എല്ലാ കുട്ടികളെയും ദൈവം സൗഖ്യമാക്കി. ത്രൈമാസ അവിധിക്കു വീട്ടിൽ പോയ കുട്ടികൾ എല്ലാവരും സുരക്ഷിതരായി ബാലഭവനത്തിൽ തിരികെ വന്നു. കുട്ടികൾ എല്ലാവരും ദൈവകൃപയാൽ പഠനത്തിൽ പുരോഗമിക്കുന്നു.

അഞ്ചാം പനിയാൽ കഷ്ടപ്പെടുന്ന കുട്ടികളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിന്റെ അറ്റകുറ്റ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന സമീർ, ദാമശായ്, ലാത്തു ലെഹോരി, കോന സിങ്, മോട്ടൈ ലാഹോരി, ജയ് ദാമശായ്, ഈശ്വർ ബായ്, ജയ്റാസ് ബിറുളി എന്നിവർക്കു ദൈവീക ജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹൻസ്ഡിഹ

**സെന്തിൽ കുമാർ & മുത്തു സെൽവി**

26 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 895 പേർ സുവിശേഷം ശ്രവിച്ചു. ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ശസ്ത്രക്രീയയ്ക്കു വിധേയനായ മാഡൈയ ഗ്രാമത്തിലെ ബാലേശ്വർ സുഖം പ്രാപിക്കുന്നു. സഭാമൂപ്പൻ മത്സരിച്ചു സ്തോത്രകാഴ്ച പണം തരാതെ ദീർഘകാലം കയ്യിൽ വെച്ചു. ഒടുവിൽ ഹൃദയത്തിൽ മാറ്റമുണ്ടായി സ്തോത്രകാഴ്ച പണം മുഴുവൻ ചുമതലക്കാരെ ഏല്പിച്ചു. മൂന്നു ദിവസത്തെ യുവജന സമ്മേളനത്തെ ദൈവം അനുഗ്രഹിച്ചു. പലവിധ എതിർപ്പുകളുടെ മദ്ധ്യത്തിൽ ജീസസ് ഫലിം പ്രദർശിപ്പിക്കുവാൻ ദൈവം കൃപ നൽകി. തൽജർണി, കുഷാക്ക, ധാബൈ, തുളസി ഡോള എന്നീ റീജിയനുകളിൽ ദൈവകൃപയാൽ അനേക ആത്മാക്കൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

കുടലിൽ തെറ്റായ ശസ്ത്രക്രീയക്കു വിധേയ ആയ ശ്രീമതി മുർമ്മുവിന്റെ സൗഖ്യത്തിനായും അവൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായും പ്രാർത്ഥിക്കുക. മുട്ടു തകർന്ന ലീൽമുനിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സപ്പാര, നിപ്പോണിയ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു ആവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. ദാബൈ ഗ്രാമത്തിൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനും തടസ്സങ്ങളില്ലാതെ ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. അവിടെ എത്രയും വേഗം ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന
ദിനം

## നോനിഹാട് : ബൻഹൂർ എം & മേരി ജോൺസി റാണി

25 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വി ബി എസ് അദ്ധ്യാപകരുടെ പരിശീലനം സംഘടിപ്പിച്ചു. ഫിലിം പ്രദർശനവും രാത്രി യോഗങ്ങളും തടസ്സമില്ലാതെ നടത്തി. അപസ്മാര രോഗത്തിൽ നിന്നു ഗോപാൽ ടുഡുവും ലെവോയും മാനസിക രോഗത്തിൽ നിന്നു സുന്ദർലാൽ സൊററനും സൗഖ്യം പ്രാപിച്ചു.

മന്ദോൾദി, ബത്താൻ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജർക്ക മാനസിക രോഗത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ബോടുവ ബാലഭവനം

## സോമ്പു സിംഘാൻ & ഡിന്നിങ്

നമ്മുടെ ബാലഭവനത്തിൽ ജോലി ചെയ്യുന്ന സുലൈമാൻ പഹാടിയായ്ക്കു ആരോഗ്യമുള്ള ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. അവിധിക്കാല വേദാദ്ധ്യയാന ക്ലാസ്സുകൾ കുട്ടികൾക്കു ഏറെ അനുഗ്രഹരമാകുന്നു. ദാന കൊടുക്കാറ്റിൽ നഷ്ടപ്പെട്ട വൈദ്യുതി കണക്ഷൻ രണ്ടു ദിവസത്തിനു ശേഷം പ്രാർത്ഥനയുടെ ഫലമായി തിരികെ ലഭിച്ചു. മഴക്കാലത്തു ക്യാമ്പസിനകത്തു വരുന്ന വിഷ പാമ്പുകളിൽ നിന്നും കുട്ടികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന ആത്മീക കൂട്ടായ്മയിലൂടെ ബാലഭവനത്തിലെ കുട്ടികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തും ശൈത്യകാലത്തും കുട്ടികൾ ആരോഗ്യത്തോടെ ഇരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്പോർട്സ് മത്സരത്തിൽ പങ്കെടുക്കുവാൻ പോകുന്ന കുട്ടികളുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

## ബേൽഡിഹ

## രമേശ് വേൽരാജ് & പ്രിസ്കില്ല

63 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 3400 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. രണ്ടു സ്ഥലത്തു മിഷൻ വയൽ തലത്തിലുള്ള ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായുള്ള പരിശീലന ക്യാമ്പ് നടത്തി. 235 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. 23 ഗ്രാമങ്ങളിൽ നടത്തിയ ഫിലിം പ്രദർശനത്തിലൂടെ 1850 പേർ സുവിശേഷം ശ്രവിച്ചു. ഫുൽപഹാരിയിലെ ദൈവാലയ നിർമ്മാണം പൂർത്തീകരിച്ചു.

ഉടനെ നടത്തുന്ന വിശ്വാസ പ്രഖ്യാപന യോഗത്തിൽ ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു 300 പേർ തയ്യാറെടുക്കുന്നു. കൽദേശ് പൂർ ഗ്രാമത്തിലെ ലാൽ ഹസ്ത, കസ്തൂരി ഗ്രാമത്തിലെ ബോദിൻ സൊറൻ, സോമക്കോർ ഗ്രാമത്തിലെ കുബരാജ് ബസ്ര, തർജോല ഗ്രാമത്തിലെ പ്രബാതി ബസ്ര എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. സുവിശേഷം ശ്രവിക്കുന്നതിനു താൽപര്യം കാണിക്കുന്ന ലാട്ടെ ഗ്രാമത്തിലെ ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




### ഭഗൈയ്യ

**ജപകുമാർ പെരിയസ്വാമി & പൊൻലത**

19 വ്യക്തികൾ യേശുവിന്റെ ശിഷ്യരായി. ഷിയ ടിർക്കിയുടെ മകൾ സബീനയെയും അവളുടെ സഹോദരൻ സർഗുൾ ടിർക്കിയെയും പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. ഇവർ കുടുംബമായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സർഗുൽ ദൈവവേലയിൽ നമ്മെ സഹായിക്കുന്നു. സന്താനി കുജുർ എന്ന പെൺകുട്ടിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. അവളുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്നു.

യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ തയ്യാറെടുക്കുന്ന ജൈനാഥ് മിഞ്ച്, രാജേഷ് കുജുർ, രജ്ജിത് കുജുർ, അർജുൻ കിന്ദോ, രാം നാഥ കുടുംബം, അജിത്, ഊർമ്മിള, രാംനാഥ്, ജിന്ദേന്തർ, കുഷ്ബൂ, ബാബുലാൽ, രാമരാദ്ധ്യ, സജ്ജൈജ് എക്ക എന്നിവർ ധൈര്യപൂർവ്വം വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കണ്ണിലുണ്ടായ മുഴ നിമിത്തം സി എം സിയിൽ ചികിത്സിക്കുന്ന എസ്ഥേർ മിഞ്ച്, സ്തനാർബുധത്താൽ കഷ്ടപ്പെടുന്ന റീന ഡോബോ, പക്ഷാഘാതത്താൽ വലയുന്ന കുൽച്ച കുജുർ, ഗർഭപാത്ര സംബന്ധമായ രോഗത്താൽ ദുരിതം അനുഭവിക്കുന്ന തിത്രി മിഞ്ച് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### ഗംഗരാമ്പൂർ

**ദിഹെ & ചരണി**

അഞ്ചു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 1460 പേർ സുവിശേഷം ശ്രവിച്ചു. എട്ടു കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. തടസ്സങ്ങളില്ലാതെ ഏഴു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. അനേക ആളുകൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ബനാബോക്കൂർ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം പുരോഗമിക്കുന്നു.

പുതിയ ആരാധനക്കൂട്ടം ആരംഭിച്ച സോകാതി ഗ്രാമത്തിൽ വേഗത്തിൽ താല്കാലിക ദൈവാലയം നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോബോൻഗാവ് ഗ്രാമത്തിൽ തുടർച്ചയായി മരണം സംഭവിക്കുന്നതിനാൽ ആ ഗ്രാമത്തിലുള്ളവർ മരണ ഭയത്തിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായ് പ്രാർത്ഥിക്കുക. നശിച്ചു പോകുന്ന ആത്മാക്കളെ കുറിച്ചുള്ള ഭാരം യുവജനങ്ങളുടെ ഹൃദയങ്ങളിൽ നിറയേണ്ടതിനായും അവർ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ എരിവോടെ പങ്കാളികളാകേണ്ടതിനായും പ്രാർത്ഥിക്കുക. ദൈവം അവർക്കു വിശ്വാസികളായ ജീവിത പങ്കാളികളെ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളുടെ മക്കൾക്കു വിദ്യാഭ്യാസം തുടരുന്നതിനുള്ള സൗകര്യം കർത്താവ് ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ കുട്ടികളുടെ ശുഭ ഭാവിക്കായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഷീബ ജാസ്മിൻ ജുബരാജ് ഭരതൻ

### ബാലൂർഘാട്

**കിങ്സ്ലി ലിവിങ്സ്റ്റൺ ആർ & ഡെൽഫിൻ കിങ്സ്ലി; രഞ്ജൻ ഖാസ്ല**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 15 സ്ഥലത്തു സുവിശേഷീകരണ പ്രവർത്തനം നടത്തി. നാലു സ്ഥലത്തു നടത്തിയ സംഘടിത സുവിശേഷ വേലയിലൂടെ 960 പേർ സുവിശേഷം ശ്രവിച്ചു. മങ്കൽപൂർ ഗ്രാമത്തിലെ സോനാൽ മുർമ്മു മയക്കു മരുന്നിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. യുവജന യോഗത്തിൽ സംബന്ധിച്ചവരിൽ 14 കൗമാരക്കർ, 6 യൗവ്വനക്കാർ, 5 കുട്ടികൾ എന്നിവർ വിശുദ്ധ ജീവിതത്തിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു.

ഒരു കുടുംബത്തിൽ നിന്നു ഒരാളെ ക്രിസ്തുവിനായി നേടുക എന്ന പദ്ധതി വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഏഴു വർഷത്തിലധികം മക്കളില്ലാതെ ഭാരപ്പെടുന്ന സോംകിസ്കു, സോകോൽ ഹെബ്രം എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുർണ്ണ സമയ സുവിശേഷ വേലക്കായി തന്റെ ജീവിതത്തെ സമർപ്പിച്ച സ്വാപൻ കിസ്കു തന്റെ സമർപ്പണത്തിൽ ഉറച്ചു നിൽക്കേണതിനായി പ്രാർത്ഥിക്കുക.

## അസം

### ഗോഗമുക്ക് & ധാക്കുവാകാന

**ഡെൻസിങ് ആർ & ജാസ്മിൻ കവിത**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കഠിനമായ തൊണ്ട വേദനയിൽ നിന്നും പ്രന്തോ തോയ് പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. പനിയിൽ നിന്നും വിളർച്ച രോഗത്തിൽ നിന്നും രാധാമണി പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. റോമില ബയാങ് പൈശാചിക ബന്ധനത്തിൽ ഭവനത്തിൽ നിന്നും ഇറങ്ങിയോടി. വിശ്വാസികൾ അവൾക്കു വേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ സൗഖ്യമാക്കി. പത്രിസങ്, പുൽബാരി, പോർത്തോള, ഉറിയോനി, കുമ്പാങ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിച്ചു. റീജിനൽ യുവജന യോഗത്തിൽ 110 പേർ പങ്കെടുത്തു. 54 പേർ യേശുക്രിസ്തുവിനായ് തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു.

നേത്ര സംബന്ധമായ ഗുരുതര രോഗത്താൽ കാഴ്ച മങ്ങിയ ആനന്ദ് പായാങ്ങിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്ന മോമിതയുടെ അമ്മ, അവളുടെ സഹോദരൻ മഞ്ജു എന്നിവർ കർത്താവിന്റെ സ്നേഹം രുചിച്ചറിയഞ്ഞ് ഹൃദയത്തിൽ രൂപാന്തിരം ഉണ്ടാകേണ്ടതിനുമായി പ്രാർത്ഥിക്കുക. അന്വേഷക ക്യാമ്പിൽ പങ്കെടുത്തവർ രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. തൊണ്ടക്കുണ്ടായ ട്യൂമറിൽ നിന്നും ജോയ്ക്കിനോറ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി ലോപത്തായ് ആത്മമീക വളർച്ച പ്രാപിക്കേണ്ടതിനും അവളുടെ ഭർത്താവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 14
## ഡിസംബർ
### ശനി

### ജന്മദിനാശംസകൾ

റാണി ജസിലറ്റ് പോൾ ആൽബർട്ട്

### ജോനൈ

**സുനിൽ പ്രസാദ് & ജോയ് ബല്ല**

മൂന്നു യൗവ്വനക്കാർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു സ്ഥലത്തു വേദപഠന ക്ലാസ്സുകൾ നടത്തുന്നു. പത്തു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. യുവജനങ്ങൾ ആവേശപൂർവ്വം ആരാധന യോഗങ്ങളിൽ സംബന്ധിക്കുന്നു.

സിലെ, ലക്കു ജലാം, രിഗ്ബി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായും ഇവിടെ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ബാലി, ഗാലി എന്നീ ഗ്രാമങ്ങളിലെ ആരാധനക്കൂട്ടത്തിലുള്ളവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്

### ഹട്ടി

**ദിനേശ് കുമാർ & നീതു**

കത്ക്കോന, കിതകാവരി എന്നീ ഗ്രാമങ്ങളിൽ നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ സഭാമൂപ്പന്മാരും വിശ്വാസികളും പങ്കെടുത്തു. മൂന്നു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിൽ 150 പേർ സുവിശേഷം ശ്രവിച്ചു. രത്തിയ സമുദായത്തിൽ മൂന്നു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പദ്ധതിയിട്ട പ്രകാരം രാത്രിയോഗങ്ങളും ഭജൻ യോഗങ്ങളും നടത്തുവാൻ ദൈവം സഹായിച്ചു. സുവിശേഷ പ്രവർത്തകർക്കു ആവശ്യമായ സുരക്ഷിതത്വം നൽകി ദൈവം പരിപാലിച്ചു.

നരേശ് രത്തിയായ്ക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും മൊഗ്ര രത്തിയ വിടുതൽ പ്രാപിച്ചു. തേജോഭായിയുടെ ഭർത്താവിന്റെ മാനസാന്തരത്തിനും അയാൾ ഭാര്യയുമായി രമ്യതയിൽ ആകേണ്ടതിനുമായി പ്രാർത്ഥിക്കുക. രത്തിയ സമുദായത്തിലുള്ളവർ കാതു തുറന്നു സുവിശേഷം ശ്രവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉയർന്ന രക്തസമ്മർദ്ദത്താലും തലവേദനയാലും ശ്വസന സംബന്ധമായ പ്രയാസത്താലും കഷ്ടപ്പെട്ട മിഷനറിയുടെ മാതാവിനെ ദൈവം സൗഖ്യമാക്കി.

### ജലം പോഷകഗുണമുള്ളതാക്കി

മഹാരാഷ്ട്രയിൽ കാപരാട് മിഷൻ വയലിലെ വിശ്വാസി ദിലീപ് ഭായ് തന്റെ കൃഷയിടത്തു ചുരയ്ക്ക കൃഷി ചെയ്തു. ഒരു സന്ധ്യയിൽ അവൻ നോക്കിയപ്പോൾ ചെടിയുടെ ഇലകൾ എല്ലാം മഞ്ഞനിറത്തിൽ വിളറി നിൽക്കുന്നു. അത് അവനെ വളരെ ഭാരപ്പെടുത്തി. അവൻ തന്റെ കിണറ്റിൽ നിന്നും ഒരു കുപ്പി വെള്ളം എടുത്തു വിശ്വാസത്തോടെ പ്രാർത്ഥിച്ചു. ആ വെള്ളം ചെടികളുടെമേൽ തളിച്ചു. അടുത്ത പ്രഭാതത്തിൽ ആശ്ചര്യകരം ചെടിയുടെ ഇലകളിലെ മഞ്ഞിനിറം മാറി ഊർജ്ജസ്വലതയോടെ നിൽക്കുന്നു. അവന്റെ വിശ്വാസത്തോടു കൂടിയ എളിയ പ്രവൃത്തിയെ ദൈവം മാനിച്ചതിനാൽ ദിലീപ് ഭായ് ദൈവത്തെ സ്തുതിച്ചു. ദൈവത്തിനു മഹത്വം!




## ജന്മദിനാശംസകൾ

എയ്ഞ്ചൽ റോൺജയ് നർസാരി

### കത്ഘോര : വാൽവി ദീന ധാന & ബുസരെ ഷൈല

പത്തു ഗ്രാമങ്ങളിലുള്ള 230 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. കുരുസിയ ഗ്രാമത്തിൽ പ്രദേശിക സുവിശേഷകർക്കായി പരിശീലന പ്രോഗ്രാം ക്രമീകരിച്ചു. ദേവവസിയായുടെ ഭാര്യയുടെ സുഖ പ്രസവത്തിനായ് പ്രാർത്ഥിക്കുക. ദൈവവേലക്കാരെ ദൈവം സകലവിധ അപകടത്തിൽ നിന്നും ദുഷ്ടന്മാരിൽ നിന്നും സുരക്ഷിതമായി പരിപാലിച്ചു. വിശ്വാസികളുടെ കുടുംബ സംഗമം, വേദപഠന ക്ലാസ്സുകൾ, രാത്രി യോഗങ്ങൾ, ഉപവാസ പ്രാർത്ഥനകൾ എന്നിവ അനുഗ്രഹകരമായി നടത്തി.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ലാൽപൂർ, തങ്കവാൻ, സക്പാരി, ദജക് കത്മുദ എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുനിശ്വർ, നാഗർസായ്, കുൻവർ, ജിത്തെൻ എന്നിവർ തുടർന്നും ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ടൈഫോയ്ഡിൽ നിന്നും അജ്ഞലിയും മദ്യാസക്തിയിൽ നിന്നു സുരേഷും വിടുതൽ പ്രാപിക്കേണതിനായി പ്രാർത്ഥിക്കുക. മുനിശ്വരന്റെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൊയ്ത്തു കാലത്തു വിശ്വാസികളുടെ വയലുകളെ ദൈവം സംരക്ഷിക്കേണ്ടതിനായും വിശ്വാസികൾ ഞായറാഴ്ച ആലോചനയെ അലക്ഷ്യമാക്കാതിരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ബലോദബസാർ
### രാമേശ്വർ ദയാൽ & മധുകല

ഘിത്താരിപാലി, നയപാര എന്നീ ഗ്രാമങ്ങളിലുള്ള 500 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഖാംഹറിയ ഗ്രാമത്തിൽ അന്വേഷക ക്യാമ്പ് സംഘടിപ്പിച്ചു. ഗുഹിയ, കൈരി, ബർതോറി, അമലിഡിഹ് എന്നീ ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. പച്ച്പെടി, ഭാട്ചൗര എന്നീ ഗ്രാമങ്ങളിൽ വേദപഠനക്ലാസ്സുകൾ ആരംഭിച്ചു.

തിരിത്രാം, മൈന, കാജോൾ ചതുർവേദി എന്നിവർ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഷൈംറാഡിഹ് ഗ്രാമത്തിലെ സുവിശേഷ പ്രവർത്തനത്തെ എതിർക്കുന്ന രുച്ചു ഘ്രിത്താലഹ്രെ, മുൽചന്ദ്ര ദെഹാറിയ, ദുജ്റാം സൊൻവാനി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഛത്തീസ്ഘട്ടിലെ ഘർവാപസി പ്രോഗ്രാമും പീഡനവും ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഖാംഹരിയ ഗ്രാമത്തിലെ ജനങ്ങൾ പതിവായി ആരാധന യോഗത്തിൽ പങ്കെടുക്കേണ്ടതിനായും അവർക്കു ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിശേഷ വേലയെ എതിർക്കുന്ന അജയ് ധീമറിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

കവിത തിമ്മേശ്
ഫെലിക്സ് ഗമാലിയേൽ എഡ്വേർഡ്

### സീതാപുർ

**മുത്തുകുമാർ & നേത്രാവതി**

16 വ്യക്തികൾ പഴയ ജീവിത ശൈലി ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പുലേശ്വാരിയുടെ കുടുംബം അതി ദാരിദ്ര്യത്തിലും കർത്താവിന്റെ വേല ചെയ്യുവാൻ മുന്നോട്ടു വന്നു. മാനിഹാട്ടിൽ പാർക്കുന്ന ടിബറ്റൻ കുടിയേറ്റക്കാരുടെ ഇടയിൽ സുവിശേഷ വേല ചെയ്യുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

യൗവ്വനക്കാരുടെ മദ്ധ്യത്തിൽ ശരിയായ രീതിയിൽ അനുധാവന പ്രവർത്തനം നടത്തേണ്ടതിനും യുവജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ ചങ്ങലക്കിട്ടിരിക്കുന്ന 20 വയസ്സുള്ള അമർദീപ്, മാനസിക രോഗിയും മയക്കു മരുന്നിനടിമയുമായ വിനോദ് യാദവ് എന്നിവരുടെ സൗഖ്യത്തിനായും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഉദരത്തിലുണ്ടായ കാൻസർ രോഗത്തിൽ നിന്നു അമർശീല, രക്താർബുധത്തിൽ നിന്നു കാജൽ, പരമില എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മജിനിയുടെ അമ്മയുടെ ഹൃദയത്തിനും ശ്വാസകോശത്തിനും ചുറ്റും വെള്ളം കെട്ടികിടക്കുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഒടിഷ

### ജഗനാഥപൂർ

**ബസുദേവ മാൾട്ടോ & വാസന്തി മാൾട്ടോ; സുരേഷ് മാൾട്ടോ**

13 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചതിലൂടെ 5547 പേർ സുവിശേഷം ശ്രവിച്ചു. ഒമ്പതു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കോണോ, മഹാദിശയി എന്നീ റീജിയനുകളിൽ സഭാമൂപ്പന്മാരുടെയും വിശ്വാസികളുടെയും സഹായത്തോടെ സുവിശേഷം അറിയിച്ചു. പരജാംദാവ് ഗ്രാമത്തിൽ സ്ത്രീകൾക്കായ് പരിശീലന യോഗം നടത്തി. ദൈവാലയത്തോടു ചേർന്നു പരിശീലന കേന്ദ്രം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സന്നദ്ധ സുവിശേഷകരായ ജ്ഞനശ്യാമിന്റെയും റിൻസോയുടെയും കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ജംനാലി ദൈവാലയത്തിന്റെ രേഖകൾ സുഗമമായി FMPB യിലേക്കു കൈമാറ്റം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നും സുക്ലാൽ ലഹോരിയും കാലിലും ഉദരത്തിലും നീരു വന്ന ജോവൻതോയിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ പരിശീലനം, വിശ്വാസികളുടെ പരിശീലനം, യുവ നേതാക്കളുടെ പരിശീലനം എന്നിവ ഫലകരമാകേണ്ടതിനായും ദൈവീക അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക.




## ഗുജറാത്ത്

### മോതപോരണ്ട : മർക്കൂസ് മാൾട്ടോ & സാറാ മാൾട്ടോ

നേത്ര ശസ്ത്രക്രീയക്കു ശേഷവും ജശവന്ത് ഭായിയുടെ കണ്ണിന്റെ കാഴ്ച തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ വിശ്വാസികൾ ചേർന്നു വന്നു പ്രാർത്ഥിച്ചപ്പോൾ കാഴ്ച ലഭിച്ചു. അഞ്ചു പുതിയ കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കസർബന്നിന്റെ പ്രാർത്ഥനയുടെ ഫലമായി കുടുംബത്തിലെ സമാധാനം വീണ്ടെടുത്തു. കകത്കുവ ഗ്രാമത്തിലെ ദീപാലി ബന്നിന്റെ കുടുംബം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

നവീനിന്റെ കുടുംബത്തിൽ പുതുതായി കടന്നു വന്ന വ്യക്തി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോപ്റോലി ഗ്രാമത്തിലെ അപസ്മാര രോഗിയായ ബാബു ഭായിയുടെയും ശ്വസന സംബന്ധമായ രോഗത്താൽ വലയുന്ന പ്രീതി ബന്നിന്റെയും ചെവിയിൽ അണുബാധയുണ്ടായ ഇഷ്തി ബന്നിന്റെയും കൈക്കു വേദന അനുഭവിക്കുന്ന ബിക്കു ഭായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ ദൈവീക പരിജ്ഞാനത്തിൽ അനുദിനം വളരേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരുടെ യാത്രയിൽ ദൈവിക സുരക്ഷിതത്വം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഹ്വ : വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം

52 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.നാലു സ്ഥലത്തു പ്രദേശിക സുവിശേഷകരുടെ യോഗം നടത്തി. നമ്മുടെ സന്നദ്ധ സുവിശേഷകൻ ജയറാം ഭായ് ആരാധന യോഗം നടത്തുന്നതിനായി പോകുന്ന വഴി ഹൃദയ സ്തംഭനം ഉണ്ടായി വഴിയിൽ മയങ്ങി വീണു. വഴിയാത്രക്കാരർ അയാളെ അടുത്ത ആശുപത്രിയിൽ എത്തിച്ചു. അവിടെ വെച്ചു അദ്ദേഹം ശസ്ത്രക്രീയക്കു വിധേയനായി. സുഖം പ്രാപിച്ചു. വയലിൽ വെച്ചു കാലബന്നിനു എതിരെ വന്ന വിഷപാമ്പിൽ നിന്നും ദൈവം അവളെ പരിപാലിച്ചു.

അപസ്മാര രോഗികളായ തക്ലിപാട ഗ്രാമത്തിലെ ദേവബൻ, മാത്തിയ ഗ്രാമത്തിലെ സീതറാം ഭായ് എന്നിവരെയും കുടൽ സംബന്ധമായ രോഗത്താൽ വലയുന്ന ലീല ബന്നിന്റെയും, കാൻസർ രോഗികളായ ലക്കൻ ഭായ്, ലക്ഷുഭായ് എന്നിവരുടയെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നേഴ്സിംഗ് വിദ്യാഭ്യാസം പൂർത്തീകരിച്ച അജ്ഞലിക്കു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡാങ്സ് ജില്ലയിലെ എല്ലാ ഗ്രാമങ്ങളിലും ഹനുമാൻ അമ്പലം പണിയുവാൻ മത തീവ്രവാദികൾ പദ്ധതിയിടുന്നു. ക്രിസ്ത്യാനികളെ ഭീഷണിപ്പെടുത്തുന്ന ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തെ ശക്തമായി എതിർക്കുന്ന കാശിറാം, ബാലു, സുരേഷ്, റാവൻ, മോഹൻ, റാംരാജ്, കുമൻ, മാലു, റാലു, രാമൻ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. എതിർപ്പുകളുടെ മദ്ധ്യത്തിൽ വിശ്വാസികൾ ധൈര്യപൂർവ്വം ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**18**
**ഡിസംബർ**
**ബുധൻ**

ഉപവാസ
പ്രാർത്ഥന
ദിനം

## സൂറത്ത്

### മാധവ റായ് & ജപതങ്കം

ഏഴു സ്ഥലത്തു നടത്തിയ രാത്രി യോഗങ്ങളിലൂടെ 225 പേർ യേശുവിനെ അറിഞ്ഞു. 10 മാസം പ്രായമുള്ള പൈതൽ ആയുഷ്, രാത്രി മുഴുവൻ നിറുത്താതെ കരഞ്ഞപ്പോൾ നമ്മുടെ വിശ്വാസി ശോഭ ബൻ പ്രാർത്ഥിച്ചതിനെ തുടർന്നു കുഞ്ഞ് ശാന്തമായി ഉറങ്ങി.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായ് പ്രാർത്ഥിക്കുക. ആരാധന യോഗം നടത്തുന്നതിനു ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനും തടസ്സങ്ങളെ അതിജീവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികൾ തങ്ങളുടെ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉമെർഗാം

### ആശീർ മോസസ് & അമൃത ഗോൾഡ

തും, നിഗോലി എന്നീ ഗ്രാമങ്ങളിലുള്ള 15 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വാപി, ഇരോളി, പൂർവ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ഉരുവാക്കി. സഭാമൂപ്പന്മാരുടെയും പ്രാദേശിക സുവിശേഷകരുടെയും ആത്മീക പരിപോഷണത്തിനായി പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. പത്തു വേദപുസ്തകവും 45 പുതിയ നിയമവും 150 ലഘു ലേഖകളും സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

നിഗോലി, അനലാസ് എന്നീ സഭകളുടെ വാർഷിക യോഗം തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തി. പദ്ധതിയിട്ടിരിക്കുന്ന പ്രകാരം യുവജന യോഗം, സുവിശേഷീകരണ പ്രവർത്തനം, വിശ്വാസ പ്രഖ്യാപന യോഗം, ഉപവാസ പ്രാർത്ഥനകൾ, രാത്രി യോഗങ്ങൾ എന്നിവ അനുഗ്രഹകരമായി നടത്തി.

## സകല വൈദ്യന്മാരിലും വലിയവൻ!

ഛത്തീസ്ഘട്ടിൽ ഘർഘോട മിഷൻ വയലിലെ സഗുണ റത്തിയ അജ്ഞാത രോഗത്താൽ ശരീരം ആസകലം വേദനയാൽ കഷ്ടപ്പെടുന്നു. അവളുടെ പ്രയാസത്തെ കുറിച്ചു ഗ്രാമത്തിലുള്ള എല്ലാവർക്കും അറിയാം. അനവധി ആശുപത്രികളിൽ പോയി ചികിത്സിച്ചു. നിരവധി മന്ത്രവാദികളെ സന്ദർശിച്ചു. എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ടു. ഒടുവിൽ അവൾ നമ്മുടെ വിശ്വാസികളിൽ ഒരാളെ സമീപിച്ചു നല്ലൊരു ഡോക്ടറെ കണ്ടെത്തുവാൻ സഹായിക്കുവാൻ ആവശ്യപ്പെട്ടു. നമ്മുടെ വിശ്വാസികൾ പ്രാർത്ഥനക്കായി കൂടിവരുന്നിടത്തു വിശ്വാസി അവളെ കൂട്ടിക്കൊണ്ടു വന്നു. അവരുടെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം സഗുണയെ സൗഖ്യമാക്കി. ആ നിമിഷം മുതൽ സൗഖ്യമാക്കിയ ദൈവത്തെ ആരാധിക്കുവാൻ ജനങ്ങൾ അവളെ ഉത്സാഹിപ്പിക്കുന്നു. ഹല്ലേലുയ്യ!

**19**
**ഡിസംബർ**
**വ്യാഴം**

## ജന്മദിനാശംസകൾ

നിഷ ഡേവിഡ് മസി

### സിൽവാസ
### ഡേവിഡ്സൺ രാജാസിങ് & കൺമണി പരിമളം

290 പേരോടു സുവിശേഷം പ്രഘോഷിച്ചു. 75 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവകൃപയാൽ രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. അമ്പബാരിയിൽ പുതുതായി പണിത ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ അനുഗ്രഹകരമായി നടത്തി. ധർക്കിബന്നിനെ വിഷപാമ്പിൽ നിന്നും ലാലിനെ വിഷ തേളിൽ നിന്നും ദൈവം സംരക്ഷിച്ചു. ഒരു കാലത്തു ക്രിസ്തീയ വിശ്വാസത്തെ ശക്തമായി എതിർത്തിരുന്ന പൂജ ബിന്നിന്റെ ജീവിതത്തിൽ ആത്ഭുതകരമായ രൂപാന്തരം സംഭവിച്ചു. ഉദരത്തിൽ ശസ്ത്രക്രീയ വേണമെന്നു ഡോക്ടറന്മാർ ഉപദേശിച്ചു. വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ശസ്ത്രക്രീയ കൂടാതെ ദൈവം അവളെ വിടുവിച്ചു. അവൾ ക്രിസ്തേശുവിൽ വിശ്വാസ യാത്ര ആരംഭിച്ചു.

പിന്മാറ്റ അനുഭവത്തിലായിരിക്കുന്ന സുർജിബായ് വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കജറിഭായിയുടെയും അജയ് ഭായിയുടെ മകളുടെയും കാഴ്ചശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിച്ച തിനോദ, കദാലി എന്നീ ഗ്രാമങ്ങളിലുള്ളവർ യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 15 വയസ്സുള്ള പ്രീയ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുഷ്ട രോഗിയായ അർച്ചന ബന്നിനെയും വിഷാദ രോഗിയായ തേജൽ ബന്നിനെയും കർത്താവ് സൗഖ്യമാക്കി. ധർമ്മേശും സന്തോഷും സഭാ ആരാധനയിൽ ഉപാധികളില്ലാതെ സംബന്ധക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബോടേലി & ദാബോയ്
### യേശു ബാബു & ഉഷ

128 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. പുതിയ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു. മൂന്നു വേദ പുസ്തകം വിതരണം ചെയ്തു. വികേഷ് ഭായിയുടെ ഭാര്യ അജ്ഞാത രോഗത്താൽ അനേക മാസങ്ങളായി കഷ്ടപ്പെടുകയായിരുന്നു. ഭക്ഷണം കഴിക്കാതിരിക്കുക, തുടർച്ചയായ ശർദ്ദിൽ എന്നിവ അവളെ പ്രാർത്ഥനയിൽ കൊണ്ടുവന്നതിനെ തുടർന്നു സൗഖ്യമായി. ഏഴു വർഷത്തെ പ്രാർത്ഥനയുടെ ഫലമായി ദക്ഷ ബന്നിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

സ്വന്ത കുടുംബാംഗങ്ങളിൽ നിന്നും പീഡനമേൽക്കുന്ന സിങ്കള ബായി, രമേശ് ബായി എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു 13 വർഷമായ മീനയുടെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാഹുൽ ഭായിയുടെ ക്രിസ്തീയ വിശ്വാസം നിമിത്തം ഭാര്യ നിന്ദിക്കുന്നു, അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കവിത ഗ്രാമത്തിലെ മിസ്ലി ബൻ, സാവാന്തി ബൻ എന്നിവർ കാൻസർ രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ദേവക്യപൈ വിജയ് ബാബു

### കവാന്ത്

### അഖിലേശ് കുമാർ & കിരൺദേവി

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 40 ഭവനങ്ങൾ സന്ദർശിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രസവ വാർഡിൽ വെച്ചു തരസവ ഗ്രാമത്തിലെ സക്കിനബൻ മയങ്ങിവീണു. കുടുംബാംഗങ്ങൾ പ്രാർത്ഥിച്ചതിനെ തുടർന്നു അവൾ ഉണർന്നു ഒരു പൈതലിനു ജന്മം നൽകുകയും ചെയ്തു. ധാൻബ്യാദി ഗ്രാമത്തിലെ ദാമദിയഭായ് ഒരു കാലത്ത് വിശ്വാസികളെ ഉപദ്രവിച്ചിരുന്നു. ഇയാൾ നിമിത്തം ആ ഗ്രാമത്തിലെ ആരാധന യോഗം നിറുത്തി വെക്കേണ്ടി വന്നു. ഇപ്പോൾ നമ്മുടെ പ്രാദേശിക സുവിശേഷകനെ ക്ഷണിച്ചു അയാൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു.

സക്കറാജി ഗ്രാമത്തിലെ പുതിയ വിശ്വാസിയായ ഇൻഫാൽഭായ്, രാജ്മൽഭായ് എന്നിവർക്കു കാഴ്ച ശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരജ്വാനി ഗ്രാമത്തിലെ ഫുമിതിബന്നിന്റെ കാഴ്ചശക്തിയും കേൾവി ശക്തിയും കഴിഞ്ഞ നാലു വർഷമായി നഷ്ടപ്പെട്ടു. ദൈവം അവളെ തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജാർവി ഗ്രാമത്തിലെ സപ്നബന്നിനു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദക്യുബായടി, ഉമർഖാദി, കാകുദ്ശീല സനോത എന്നീ ആരാധനക്കൂട്ടങ്ങൾ എതിർപ്പു കാരണം നിറുത്തിവെച്ചു. ഈ ആരാധനക്കൂട്ടങ്ങളിലെ ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജാലോദ്

### കുമാർ പോൾ & അമുധ

ആരാധനയിൽ സംബന്ധിക്കാതിരുന്ന ജാബിലി ഗ്രാമത്തിലെ നിലേശ് ബായി ഇപ്പോൾ പതിവായി ആരാധനയിൽ പങ്കെടുക്കുന്നു. കോദിയ ഗ്രാമത്തിൽ സഭാമൂപ്പന്മാരുടെ പരിശീലന ക്യാമ്പ് വിജയകരമായി നടത്തി. ശരീരം ആസകലം ഉണ്ടായ പുകച്ചിലിൽ നിന്നും കോദിയ മിഷൻ വയലിലെ വിമല ബൻ സൗഖ്യം പ്രാപിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസ്, യുവജന യോഗം, ഉണർവ്വ് യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. അനേക ആളുകളെ ക്ഷണച്ചു കൊണ്ടു നടത്തുന്ന സാമൂഹ്യ ക്രിസ്തുമസ് പ്രോഗ്രാം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകർ സഹകരിക്കേണ്ടതിനും ആവശ്യമായ സമ്പത്തീകം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കുതികാലിനു അധിക അസ്ഥി വളരുന്നതിനാലും ശ്വാസ തടസ്സത്തിനാലും കഷ്ടപ്പെടുന്ന ജാലംപൂറിലെ സോമബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും രാംലാൽ ഭായ് സുഖം പ്രാപിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും നിത ബൻ സുഖം പ്രാപിച്ചു. ശരള ബൻ, മാർത്ത ബൻ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**21**

**ഡിസംബർ**

**ശനി**

## പ്രാന്തിജ്

### വിശ്വോരജ്ജൻ & പ്രവീണ റാണി

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ആത്മാറാം, സോമ കാക്ക എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യയുടെ വേർപാടിൽ ദുഃഖിച്ചിരുന്ന ഗൗരങ്ക ദൈവവചനത്തിൽ ആശ്വാസം കണ്ടെത്തി. കാൻസർ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിലും മരണ കിടക്കയിൽ വേദപുസ്തകം വായിച്ചു കൊണ്ടിരുന്ന, നാം പ്രാർത്ഥിച്ച പല്ലവി നിത്യതയിൽ പ്രവേശിച്ചു. പക്ഷാഘാതത്താൽ കഷ്ടപ്പെട്ട ഗ്യാൻശ്യാമിനെ കർത്താവ് സൗഖ്യമാക്കി. മോട്ടർ സൈക്കിൾ അപകടത്തിൽ മിഷനറിയെ ദൈവം സംരക്ഷിച്ചു.

അൽഗുബായി മദ്യാസക്തിയിൽ വിശ്വാസിയായ ഭാര്യയെ ഉപദ്രവിക്കുന്നു. ഇയാളുടെ മാനസാന്തരത്തിനായ് പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ച പങ്കജ് ഭായ്, ശ്രീനി ഭായ് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വസന ചൗദരി ഗ്രാമത്തിൽ പ്രാർത്ഥനക്കൂട്ടം ആരംഭിക്കുന്നതിനുള്ള ശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പായൽ, അമിത് ബായി എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും ജയദീപിനെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രേഖാ ബന്നിന്റെയും ബുൾബുൾ ബന്നിന്റെയും കുടുംബ പ്രശ്നങ്ങൾ സമാധാന പരമായി പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലളിത ബന്നിന്റെ മാറിടത്തിലെ കാൻസർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### കപ്രാദ : ബിദുഷ് കുമാർ നായക് & പ്രീതിബല

34 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കൊർപാദ ദൈവാലയ നിർമ്മാണത്തിനു അടിസ്ഥാന ശിലയിട്ടു. ഹരക്മാൽ ദൈവാലയത്തിൽ നടത്തിയ സ്ത്രീകളുടെ പരിശീലന പ്രോഗ്രാമിൽ 47 വനിതകൾ സംബന്ധിച്ചു. സക്രം ബായി, തൗലിഭായ് ബൻ എന്നിവരെ മിന്നലിൽ നിന്നും ദൈവം വിടുവിച്ചു. നദിയിൽ കുളിച്ചു കൊണ്ടിരിക്കുമ്പോൾ വിഷപാമ്പിന്റെ മുമ്പിൽ അകപ്പെട്ട മാനാ ഭായിയെ കർത്താവ് സുരക്ഷിതമായി പരിപാലിച്ചു.

രേഖയെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനവദിക്കാത്ത ഭർത്താവിന്റ മാനസാന്തരത്തിനായി പ്രാർത്ഥിത്തുത. കുഷ്ഠ രോഗിയായ ഗോപ്ജി ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ ആവേശപൂർവ്വം പരിശീലന പ്രോഗ്രാമിൽ സംബന്ധിച്ചു. കൊർപാദ ദൈവാലയ നിർമ്മാണത്തിൽ വിശ്വാസികൾ സ്വമേധയ പങ്കാളികളാകുന്നു. ഏഴു സ്ഥലത്തു നടത്തുവാനുദ്ദേശിക്കുന്ന വിബിഎസ് അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. തെക്ക്വാട ഗ്രാമത്തിലെ ദൈവാലയ നിർമ്മാണത്തെ എതിർക്കുന്ന നവജുബായിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറായവർക്കായി രണ്ടു സ്ഥലത്തു നടത്തുന്ന യോഗത്തിൽ അവർ ധൈര്യപൂർവ്വം വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക..




**പെയ്ന്റ് : വിനു എം & സുബില; ജ്ഞാനസുന്ദരി**

രണ്ടു ഗ്രാമങ്ങളിലുള്ള 120 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. വയോജന വിദ്യാഭ്യാസ ക്ലാസ്സുകളും യുവജനങ്ങളുടെയും കുട്ടികളുടെയും യോഗങ്ങളും ആത്മാക്കളെ നേടുന്നവരുടെ പരിശീലനവും വിജയകരമായി നടത്തി. എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. സോണിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. 16 ദിവസം കഠിനമായ പനിയാൽ കഷ്ടപ്പെട്ട സാക്ഷിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ശക്തമായ മഴയിൽ അനേകരുടെ കൃഷി നശിച്ചെങ്കിലും നമ്മുടെ വിശ്വാസി റാം ചൗഹാന്റെ വിളവുകൾ ദൈവം അത്ഭുതകരമായി പരിപാലിച്ചു. സർവേശ്, റാഹേൽ, പ്രിൻസ് എന്നിവർ ടൈഫോയ്ഡിൽ നിന്നും മുക്തരായി.

പ്രിയങ്ക, അനിലിന്റെ ഭാര്യ, രാജ്‌വീർ, ഗൗരവ്, പൂനത്തിന്റെ കുടുംബം എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിത്തി, സക്രായി, കബീർ നഗർ എന്നീവിടങ്ങളിൽ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിലും മിഷൻ പ്രവർത്തനങ്ങളിലും യുവജനങ്ങൾ ആവേശത്തോടെ പങ്കാളികളാകുന്നു. തൊഴിലില്ലായ്മയാലും രോഗങ്ങളാലും കഷ്ടപ്പെടുന്ന വിശ്വാസികളുടെ കുടുംബങ്ങളിൽ ദൈവം അത്ഭുതകരമായി ഇടപെട്ടു അവർക്കു ആശ്വാസം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗത്താൽ കഷ്ടപ്പെടുന്ന സുനിൽ, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന രാകേഷിന്റെ ഭാര്യ, നാരായണൻ, വിട്ടുമാറാത്ത പഴകിയ തലവേദനയാൽ ദുരിതപ്പെടുന്ന സുമീർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**അക്കൽകുവ**

**ജഗമോഹൻ സിങ് & സ്വാതി**

72 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ഏഴു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. അഞ്ചു സ്ഥലത്തു രാത്രി യോഗങ്ങളും ആറു ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥനകളും നടത്തി. മിഷനറിയുടെ അസാന്നിദ്ധ്യത്തിൽ ആരാധനകൾ നടത്തുവാൻ സന്നദ്ധ സുവിശേഷകർ പ്രാപ്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ദബ്രിയാമ്പ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു.

ഉദരത്തിൽ നീരു വന്ന സോനാലിന്റെയും കുടലിൽ നീരു വന്ന ഷീജയുടെയും ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന സ്വാതിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സന്നദ്ധ സുവിശേഷകരായ സുനിൽ ഭായ്, ഉഷ എന്നിവർ ആരോഗ്യ പ്രശ്നങ്ങളിൽ നിന്നു മുക്തരായി ആവേശപൂർവ്വം ശുശ്രൂഷയിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി സംബന്ധമായി കുടിയേറിപോയവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്നവർ വിശ്വാസത്തിലേക്കു തിരികെ വന്നു ആരാധന യോഗങ്ങളിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

അർച്ചന മോഹൻ

### പിമ്പല്നെർ

**ബാലാജി നേടാലം & ജഗദീശ്വരി**

ആറു ഗ്രാമങ്ങളിലുള്ള 3300 പേരോടു സുവിശേഷം പ്രഘോഷിച്ചു. 13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏകദിന പരിശീലനത്തിൽ 32 സഭാമൂപ്പന്മാർ പങ്കെടുത്തു. മൂല്ലാർ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 120 പേർ പങ്കെടുത്തു. വിശ്വാസികൾക്കായി നടത്തിയ രണ്ടു ദിവസത്തെ യോഗത്തിൽ 180 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

ശരള, ശാരിക, സോണിയ, മീന, ശരള രവി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിക്രം പവാർ, വിഷ്ണു പവാർ, ഗായത്രി പവാർ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

### ഹൂബ്ലി റീജിയൻ

**സുനിൽ കുമാർ & സംഗീത**

13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവ സഭയിലെ അംഗങ്ങളായി. ഹുബ്ലി സഭ രജത ജൂബിലി ആഘോഷിച്ചു. 1200 പങ്കെടുത്തു കർത്താവിനെ ആരാധിച്ചു.

നന്ദുകോട്, എൽബർഗ എന്നീ മിഷൻ വയലുകളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകൻ സന്തോഷിനെതിരെ കോടതിയിലുള്ള കേസിനു വേഗത്തിൽ തീർപ്പുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഹൂബ്ലി മിഷൻ വയലിലുള്ള യൗവ്വനക്കാർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനും അവർ വിശുദ്ധ ജീവിതം നയിക്കുവാൻ സമർപ്പിതരാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഒരു പൂജാരി ക്രിസ്തുവിങ്കലേക്കു നയിച്ചു!

മഹാരാഷ്ട്രയിൽ പെയിന്റ് റീജിയനിലുള്ള തുത്തുവെൽ ഗ്രാമത്തിലെ സുക്രി ബായ് കഠിനമായ ഉദര വേദനയാൽ ഭാരപ്പെട്ടു. അവളെ അനവധി പൂജാരികളുടെ അടുക്കൽ കൊണ്ടു പോയെങ്കിലും സൗഖ്യം ലഭിച്ചില്ല. ഒടുവിൽ അവൾ തവലു എന്ന പ്രാദേശിക പൂജാരിയെ സമീപിച്ചു. അയാൾ അവൾക്കു ചില മരുന്നുകൾ നൽകി എന്നാൽ അവളുടെ നിലയ്ക്കു മാറ്റമുണ്ടായില്ല. തനിക്കു ഇനി ഒന്നും ചെയ്യുവാനില്ല എന്നു സമ്മതിച്ച പൂജാരി അവളോടു ഗ്രാമത്തിലൂള്ള ക്രിസ്ത്യാനികളോടു സഹായം അഭ്യർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അയാളുടെ ഉപദേശ പ്രകാരം സുക്രി ഭായ് ക്രിസ്ത്യാനികളെ സമീപിച്ചു പ്രാർത്ഥിക്കുവാൻ അവരോടു ആവശ്യപ്പെട്ടു. വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി അവൾ പരിപൂർണ്ണ സൗഖ്യം പ്രാപിച്ചു. ഈ അത്ഭുതത്തെ തുടർന്നു അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഹല്ലെലുയ്യ!




## ജന്മദിനാശംസകൾ

വേണി ജോൺ

### മുന്ദഗോഡ് & ഷിഗ്ഗൗൺ

### നരേന്ദ്ര കുമാർ

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി. നമ്മുടെ വിശ്വാസിയായ നിങ്കപ്പയുടെ പിതാവ് മരിച്ചതിനെ തുടർന്നു 60000 രൂപ നൽകാതെ ശവസംസ്കാരം നടത്തുവാൻ അനുവദിക്കയില്ലെന്നു ഗ്രാമത്തിലുള്ളവർ ശാഠ്യം പിടിച്ചു. വിശ്വാസികൾ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവം ഗ്രാമീണരുടെ മനസ്സിൽ രൂപാന്തരം വരുത്തി. ശവസംസ്കാരം നടത്തുവാൻ ഗ്രാമത്തിലുള്ളവർ അനുവദിച്ചു. മറ്റു പ്രശ്നങ്ങളൊന്നുമില്ലാതെ സംസ്കാരം നടത്തി.

തളർവാതത്തെ തുടർന്നു ശയ്യാവലംബനായ പ്രകാശിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്കകൾ തകരാറിലായ മുലേഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹൃദയത്തിൽ സുഷിരമുള്ള കാവേരി എന്ന രണ്ടു വയസ്സുള്ള ബാലന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മുസ്ലിം മതത്തിൽ നിന്നു ക്രൈസ്തവ വിശ്വാസത്തിലേക്കു വന്ന ബേബിജാൻ പ്രമേഹം മൂലം കൈവിരലുകൾ ജീർണിച്ചു നഷ്ടപ്പെടുന്ന അവസ്ഥയിലായെങ്കിലും ദൈവം അത്ഭുത സൗഖ്യം നൽകി. മത ഭ്രാന്തന്മാരുടെ പീഡനത്തിന്റെ ഇടയിലും വിശ്വാസികൾ പദ്ധതിയിട്ട പ്രകാരം ശുശ്രൂഷകൾ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഷിരഹട്ടി

### ആശപ്രപത്താൽ & ദീന കുമാരി

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പക്ഷാഘാതം ബാധിച്ച എല്ലമ്മയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. ശാന്തമ്മക്കു ഭവനം പണിയുന്നതിനാവശ്യമായ സ്ഥലം ലഭിച്ചു.

ഒരു മാസത്തോളമായി വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന നിർമ്മലയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തനായ നാഗരാജിന്റെ വിടുതലിനായും അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ത്വക്കു രോഗത്തിൽ നിന്നു മജ്ജുളയും ജമീലയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### യേശു സൗഖ്യദായകൻ!

ഹിമാചൽ പ്രദേശിൽ മാണ്ഡി ജില്ലയിലുള്ള കർസോങ് ഗ്രാമത്തിലെ വിശ്വാസികളിൽ ഒരാളായ അഞ്ജു ദേവി ജോലി ചെയ്യുന്ന വേളയിൽ ഒരു കഷണം പൈപ്പ് തൊണ്ടക്കു കുടുങ്ങി അകത്തു പൊട്ടലുണ്ടായി. ശ്വസിക്കുവാൻ ബുദ്ധിമുട്ടിയ അവളെ ഉടനെ ആശുപത്രിയിൽ എത്തിച്ചു. അവളെ പരിശോധിച്ച ഡോക്ടറന്മാർ ഉടനെ ശസ്ത്രക്രീയ ചെയ്യുവാൻ തയ്യാറായി. വിശ്വാസികളെല്ലാവരും അവൾക്കു വേണി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. എല്ലാവരെയും അതിശയിപ്പിച്ച് പൊട്ടിയ പൈപ്പിന്റെ കഷണം ശസ്ത്രക്രീയ ചെയ്യുന്നതിനു മുമ്പെ മൂക്കിലൂടെ പുറത്തു വന്നു. ഹല്ലെലൂയ്യ!

**25**
**ഡിസംബർ**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ലിബേനി ജാമി

### ഗജേന്ദ്രഗട

**ലുപിൻ മുർമ്മു & ശലോമി ഹസ്ത**

നമ്മുടെ വിശ്വാസിയായ ദുർഗാമ്മയെ പഞ്ചായത്ത് പ്രസിഡണ്ടായി അവിടെയുള്ളവർ തിരഞ്ഞെടുത്തു. അപകടത്തിൽ തലക്കു ഗുരുതര പരിക്കു പറ്റിയ പ്രഭുവിനെ കർത്താവ് സൗഖ്യമാക്കി.

നമ്മുടെ വിശ്വാസിയായ മാലമ്മ തന്റെ മകന്റെ ശസ്ത്രക്രിയയ്ക്കും ചികിത്സക്കുമായി നാലു ലക്ഷം രൂപ ലോൺ എടുത്തു. ഇപ്പോൾ തിരികെ അടയ്ക്കുവാൻ നിർവാഹമില്ലാതെ മാനസികമായി വിഷാദത്തിലാണ്. യേശുവിൽ വിശ്വസിക്കുന്ന രേണുക, നേത്ര, രൂത്ത്, അഞ്ജനേയ എന്നിവർ പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറിപോയവർ യഥാസ്ഥാനപ്പെട്ടു ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നിദാഗുണ്ടി

**മൻജിയ നായക് & ലാമനി രത്ന**

അഞ്ചു വർഷത്തിലധികമായി മദ്യാസക്തിയിലായിരുന്ന സന്തോഷ് ദൈവകൃപയാൽ അതിൽ നിന്നു മുക്തനായി. മല്ലികാർജുൻ ദൈവത്തിന്റെ കൃപയാൽ പുതിയ വീട് നിർമ്മിച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗമായി.

മെഡിക്കൽ വിദ്യാഭ്യാസം തുടരുന്ന എസ്ഥേറിനു ദൈവീക ജ്ഞാനം ലഭിച്ചു പഠനത്തിൽ മുന്നേറേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ശാരദയും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ ബാബുരാജിൽ നിന്നും രണ്ടു ലക്ഷം രൂപ കടം വാങ്ങി ഇതുവരെ തിരിച്ചടക്കാത്ത ലക്ഷ്മണന്റെ മാനസാന്തരത്തിനും അവൻ പണം തിരിച്ചു നൽകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഹലിയാൽ

**തങ്കലാൽ സൗ & നെംസവാഹ്**

നാഗമ്മ, മയൂരി എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗമായി. ഹരെമുണ്ടിക്കൊല്ലി ഗ്രാമത്തിലെ പുതിയ സ്നേഹിതയായ ലക്ഷ്മിക്കു പ്രാർത്ഥനയുടെ ഫലമായി സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

നന്ദുക്കോട് ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കടഭാരത്താൽ വലയുന്ന മടിവാലിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും നാഗേഷും മാറിടത്തിലെ കാൻസർ രോഗത്തിൽ നിന്നു ദുർഗമ്മയും രക്ത സമ്മർദ്ദത്താൽ വലയുന്ന രുദ്രാപ്പയും തളർവാത രോഗിയായ സുഭാഷും തൈറോഡിനാൽ കഷ്ടപ്പെടുന്ന കമലയും വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ശോഭയും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 26
## ഡിസംബർ
## വ്യാഴം

### ഖാനാപൂർ
**വിനയരാജ് & ശാന്ത**

മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന അനുഗ്രഹകരമായിരുന്നു. ട്രെയിൻ അപകടത്തിൽ നമ്മുടെ സീനിയർ വിശ്വാസി ബാസാബയെ കർത്താവ് അത്ഭുതകരമായി പരിപാലിച്ചു.

ബീനയുടെ ഭർത്താവ് സന്താൻ മദ്യപാനത്തിൽ മുക്തനാകേണ്ടതിനും അവന്റെ കുടുംബം സമാധാനം അനുഭവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കാൻസർ രോഗത്താൽ ശസ്ത്രക്രിയയ്ക്കു വിധേയനായ നമ്മുടെ മിഷനറി വിനയരാജിനായ് പ്രാർത്ഥിക്കുക. ചികിത്സകൾ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. അദ്ദേഹത്തിന്റെ സമ്പൂർണ്ണ സൗഖ്യത്തിനും കുഞ്ഞുങ്ങളുടെ ഭാവിക്കുമായി പ്രാർത്ഥിക്കുക.

### മുന്ദരാഗി
**ശമുവേൽ ബബർത്ത**

അഹമദപാടി ജനവിഭാഗത്തിലെ മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 120 പേരോടു സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം കൃപ ചെയ്തു.

ബല്ലാരി, ഹോസ്പെട്, കുത്‌ലിഗി, സന്ധൂർ, ഹെദക്കാലി, കരിമ്പോമന്നഹല്ലി എന്നീ മിഷൻ വയലുകളിലെ പ്രവർത്തനം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രഭാകർ, ഗംഗമ്മ എന്നിവരുടെ ആശയകുഴപ്പങ്ങൾ പരിഹരിക്കപ്പെട്ടു അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്ര

### ധാമലച്ചെരിവ്
**ജോൺ ഡേവിഡ് രാജ് & ജ്ഞാനശേഖരി**

ചെറിയ പെൺകുട്ടി തേജയെ കാൻസർ രോഗത്തിൽ നിന്നും ദൈവം അത്ഭുതകരമായി വിടുവിച്ചു. റെഡ്ഡിവാരിപ്പള്ളി ഗ്രാമത്തിലെ റെച്ചലമ്മ പക്ഷാഘാതം വന്നു തളർന്നു പോയി. പ്രാർത്ഥനയുടെ ഫലമായി സാവാധാനത്തിൽ നടക്കുവാൻ തുടങ്ങി. വിഷപാമ്പിന്റെ മുമ്പിൽ അകപ്പെട്ട അബിഗയിൽ, മറിയാമ്മ എന്നിവരെ കർത്താവ് രക്ഷിച്ചു. പിന്മാറ്റക്കാരായ ബോവാസ കണ്ണയ്യ, രൂത്ത് അനസൂയ എന്നീ കുടുംബങ്ങൾ പ്രാർത്ഥനയെ തുടർന്നു വിശ്വാസത്തിലേക്കു തിരികെ വന്നു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു തയ്യാറെടുക്കുന്നവരെ പരിശുദ്ധാത്മാവ് ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്ഷ്മി ദേവിയെ ആരാധനക്കു വിടാതെ തടയുന്ന ഭർത്താവ് പ്രഭാകരന്റെയും മകൻ തേജ കുമാറിന്റെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ദൈവത്തിങ്കൽ നിന്നും വിടുതൽ പ്രാപിച്ച ഉഷ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. രണ്ടു വൃക്കകളും തകരാറിലായി ഡയാലിസിസ് ചെയ്യുന്ന വിക്ടർ വീരസ്വാമിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സ്റ്റെല്ല വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക പോരാട്ടത്താൽ കുടുംബത്തിൽ പ്രശ്നങ്ങൾ നേരിടുന്ന വിശ്വാസികൾ അതിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**27**
**ഡിസംബർ**
**വെള്ളി**

## ജന്മദിനാശംസകൾ

സ്വേത വെർമ

### കുപ്പം

### വെങ്കിടേശൻ സി ക്രെസൻസ് & ശശികല

കോട്ട സാമ്പഗിരി, ബന്ധകോത്തുരു, സങ്കനപള്ളി എന്നീ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. വിശ്വാസികൾക്കായി നടത്തിയ 14 രാത്രി യോഗങ്ങളിലൂടെയും അക്രൈസ്തവ ഗ്രാമങ്ങളിൽ നടത്തിയ മൂന്നു രാത്രി യോഗങ്ങളിലൂടെയും 1050 പേരോടു സുവിശേഷം പങ്കുവെച്ചു. ശാന്തിപുരം ഗ്രാമത്തിലെ വിശ്വാസികൾ ആദ്യമായി കൊയ്ത്തുൽത്സവം ആഘോഷിച്ചു.

പ്രമേഹത്തോടനുബന്ധിച്ചുണ്ടായ അന്ധതക്കു ബാംഗ്ലൂരിലെ നേത്രാലയത്തിൽ ചികിത്സക്കു വിധേയനായ ഷൺമുഖത്തിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. ഹൃദയ ശസ്ത്രക്രീയ കഴിഞ്ഞ മോനിക്കയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശശികുമാർ മദ്യപാനത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### റോട്ടാം

### സോണിയറാണി

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വെങ്കിടപുരം ഗ്രാമത്തിലുള്ള 12 പുതിയ വിശ്വാസികൾക്കു ആത്മീക പരിപോഷണത്തിനാവശ്യമായ പരിശീലനം നൽകി. ആറു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു.

വെങ്കിടപുരം ഗ്രാമത്തിൽ ആരാധന നടത്തുന്നതിനു ഒരു സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റോട്ടാം ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനുള്ള സ്ഥലം നിർണ്ണയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തുറുക്കല്ലപട്ടണത്തിലെ ഞായറാഴ്ച ആരാധന പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മാക്കളെ കുറിച്ചുള്ള എരിവുള്ള ഒരു സന്നദ്ധ പ്രവർത്തകൻ സുവിശേഷവേല ചെയ്യുവാൻ നമ്മോടു ചേരേണ്ടതിനായി പ്രാർത്ഥിക്കുക. സജ്ജീവപ്പയുടെ കൈകാലുകൾ പ്രവർത്തനക്ഷമമാകേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ രാജമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കലക്കാട : റൗട്ട് സുഭാഷ് ഭാരി & തുമ്പാട രാസിലബൻ

ഇവിടെ നടത്തിയി സ്ത്രീകളുടെ പരിശീലന പ്രോഗ്രാമിൽ 43 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു യേശുവിന്റെ രക്ഷിത ഗണത്തിലായി. രണ്ടു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച വിബിഎസിൽ 70 കുട്ടികൾ സംബന്ധിക്കുന്നു.

സൗന്ദര്യ ഗർഭിണിയാണ്, മൂന്നാമത്തെ സിസേറിയനാകയാൽ അവളുടെ പ്രസവം അല്പം ബുദ്ധിമുട്ടാണെന്നു ഡോക്ടറന്മാർ അഭിപ്രായപ്പെട്ടു. അവൾ തന്റെ ജീവനും കുഞ്ഞിന്റെ ജീവനും സംബന്ധിച്ചു ഭയത്തിലാണ്. വൃക്കയിലെ കല്ലിനാൽ ഭാരപ്പെടുന്ന മുത്തുവിന്റെ സൗഖ്യത്തിനായും ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാ മൂപ്പന്മാരുടെ പരിശീലന യോഗത്തിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക.




### ജന്മദിനാശംസകൾ

ഡേവിഡ് മസി
ബറുതെ ചിലബായ് രാധിയ

### വി കോട്ടൈ

**സജൈജ കുമാർ ബീറോ & സാഗരിക**

350 പേരോടു വ്യക്തിഗത മായി സുവിശേഷം അറിയിച്ചു. ബൈറെഡ്ഡിപള്ളി ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. 350 ലഘുലേഖകൾ, രണ്ടു പുതിയ നിയമങ്ങൾ, 30 സുവിശേഷ പ്രതികൾ, 56 ഇതര പുസ്തകങ്ങൾ തുടങ്ങിയവ വിതരണം ചെയ്തു.

മാനസിക രോഗത്തിൽ നിന്നും മണിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബൈറെഡിപ്പള്ളി ദൈവാലയത്തിന്റെ അറ്റകുറ്റപണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുബ്രമണി, ലക്ഷ്മി എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പുലിവെണ്ടുല

**ദാനിയേൽ വിജയരാജ് & ഇന്ദ്രാമ്മ**

നാഗമ്മയുടെ മകൻ ഗുരുദേവും ഭാര്യയും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു അവർ ഒരുമിച്ചു സാമാധാന ജീവിതം നയിക്കുന്നു. ശോഭയുടെ നിരന്തര പ്രാർത്ഥനയുടെ ഫലമായി മകൾ സുഗന്ധി യേശുവിനെ കർത്താവും ലക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി. വിശ്വാസികൾ തങ്ങളുടെ സമയവും പണവും ചിലവിട്ടു സുവിശേഷ വേലയിൽ പങ്കാളികളാകുന്നു.

റോഡ് അപകടത്തിൽ പരുക്കുപറ്റിയ രത്നമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അഞ്ജനാമ്മയുടെ ഭർത്താവ്, സുകന്യയുടെ ഭർത്താവ്, സരോജമ്മയുടെ മകൻ, മാർത്തമ്മയുടെ ഭർത്താവ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനിരിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**

ഒടെപുരം, സിവാലികപുരം, ഇന്ദിരഗർ, തക്കാടി, പസപാട്ടണ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന അവസരം ലഭിച്ചു. ജ്യോതിയും അവളുടെ കുടുംബാംഗങ്ങളും പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നു വനിതയും തളർവാതത്തിൽ നിന്നും തവമണിയും സുഖം പ്രാപിച്ചു.

മദ്യാസക്തിയിൽ നിന്നും സുരേഷ്, ഗോപിനാഥ്, നാഗമുത്തു, രെക്കൻ, ഇമ്മാനുവേൽ, നാഗരാജ് എന്നിവർ മദ്യപാനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇടുപ്പിനു പൊട്ടലുണ്ടായ പെരുമാളിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ ഭവനത്തിൽ നിന്നും ഓടിപ്പോയ പരമേശ് സുരക്ഷിതനായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

മണിസെൽവി സാരഥി

### മെച്ചേരി

**ധർമ്മരാജ് ആർ ആർ & മറിയസെൽവി**

വിശ്വാസികൾക്കും അവരുടെ വളർത്തു മൃഗങ്ങൾക്കും ഈ മഴകാലത്തു ദൈവീക പരിപാലനം ലഭിച്ചു. മുനിസ്വാമി, സെൽവി എന്നീ വരുടെ കുടുംബങ്ങളിലെ പലവിധ പ്രശ്നങ്ങൾക്കു വിടുതൽ ലഭിച്ചു. ടൈഫോയ്ഡിൽ നിന്നും ജയശ്രീ വിടുതൽ പ്രാപിച്ചു. വിവിധ സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിച്ചു.

കണ്ണയ്യൻ, ജയലക്ഷ്മി എന്നിവർ നേരിടുന്ന ശ്വസന സംബന്ധമായ പ്രശ്നങ്ങൾക്കു പരിഹാരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും മൂർത്തി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോനിഷ, ഉമ എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ചന്ദിരപെട്ടി

**അർച്ചന മോഹൻ**

രണ്ടു ഗ്രാമങ്ങളിലുള്ള 100 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 200 ലഘു ലേഖകളും അഞ്ചു പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. ഗർഭപാത്രം നീക്കം ചെയ്ത വിണ്ണരശി സുഖം പ്രാപിക്കുന്നു. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും എമിമാൾ വിടുതൽ പ്രാപിച്ചു.

ചന്ദ്രപതി ഗ്രാമത്തിൽ വസിക്കുന്ന മങ്കമ്മാളിന്റെ ഓർമ്മ ശക്തി പെട്ടെന്നു നഷ്ടപ്പെട്ടു. സുകാഷിനി വിശ്വാസത്തിലേക്കു മടങ്ങിവന്നു സഭാ ആരാധനയിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞായറാഴ്ച ആരാധനയും സണ്ടെസ്കൂൾ ക്ലാസ്സുകളും തടസ്സമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## മരണത്തിൽ നിന്നും അത്ഭുതകരമായ വിടുതൽ!

കർണ്ണാടകയിൽ ഷിഗ്ഗൗൺ മിഷൻ വയലിലെ വിശ്വാസിയായ പ്രഭു ആഭിചാരത്തിന്റെ ഇരയായി. നിരാശിതനായ അവൻ അര ലിറ്റർ വിഷം കുടിച്ചു. കുടുംബാംഗങ്ങൾ അവനെ വേഗത്തിൽ സമീപത്തുള്ള ആശുപത്രിയിൽ എത്തിച്ചു. എന്നാൽ ഡോക്ടർ അവനെ ചികിത്സിക്കുവാൻ തയ്യാറാകാതെ കൂടുതൽ സൗകര്യമുള്ള ആശുപത്രയിലേക്കു കൊണ്ടു പോകുവാൻ ആവശ്യപ്പെട്ടു. ആ ആശുപത്രിയിൽ അവനെ പ്രവേശിപ്പിച്ചെങ്കിലും വിഷത്തിനു മറുമരുന്ന് അവിടെയില്ലെന്നു ഡോക്ടറന്മാർ പറഞ്ഞു. അവൻ രക്ഷപ്പെടുന്നതിനുള്ള സാദ്ധ്യതയില്ലാത്തതിനാൽ അവനെ വീട്ടിലേക്കു കൊണ്ടു പോകുവാൻ ഉപദേശിച്ചു. എന്നാൽ വിശ്വാസികളെല്ലാവരും ഒത്തുകൂടി പ്രഭുവിന്റെ വിടുതലിനായി ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചു. ദൈവം വലിയ അത്ഭുതം പ്രവർത്തിച്ചു. ആദ്യം അവനെ ചികിത്സിക്കുവാൻ തയ്യാറാകാതെയിരുന്ന ഡോക്ടർ അവനെ ചികിത്സിക്കുവാൻ തയ്യാറായി. മരണത്തിന്റെ വക്കിൽ നിന്നും പ്രഭു രക്ഷപ്പെട്ടു. ഹല്ലേലുയ്യ!

## 30 ഡിസംബർ തിങ്കൾ

### ജന്മദിനാശംസകൾ

അൻപയ്യ പി
അരുൺകുമാർ ജി
ദാനിയേൽ മാർവെൽരാജ് ഡി

### ഡെങ്കണി കോട്ടൈ

**എസ് ജപരാജ് & എസ്ഥേർ തങ്കം**

കരന്ദപള്ളി ഗ്രാമത്തിൽ അനുധാവന പ്രവർത്തനം നടത്തി. കൊങ്ങ്ദു ചെട്ടിപ്പള്ളി, തെർ വീഥി, കോട്ടൈ വാസൽ എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാർക്കാട്ട റോഡിലെ അർപ്പുതത്തിന്റെ പ്രസവം ദുഷ്കരമാണെന്നു ഡോക്ടറന്മാർ പറഞ്ഞെങ്കിലും വിശ്വാസികളുടെ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി ദൈവം അവൾക്കു സുഖ പ്രസവം നൽകി അനുഗ്രഹിച്ചു. അന്തോണി സ്കൂളിലെ റോസി, ലില്ലി എന്നിവർ നമ്മെ സഹായിക്കുന്നു. സന്തോഷും മോസസും പെരിയമലയിൽ സംഘടിപ്പിച്ച യുവജന യോഗത്തിൽ സംബന്ധിക്കുന്നു.

കൊത്തുർ, രോഗനപ്പള്ളി, ഉപാസനപള്ളി, അർക്കെത്തൂർ എന്നീ ഗ്രാമങ്ങളിലെ ജനങ്ങൾ യേശുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പങ്കതമ്മാൾ, ആരതി എന്നിവർ യേശുവിലുള്ള വിശ്വാസം തടസ്സമില്ലാതെ പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ സന്തോഷ്, മൂർത്തി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഹേന്ദ്രൻ, സ്റ്റീൻ, പ്രകാശ് എന്നിവർക്കു നല്ല ജോലി അവസരങ്ങൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാരക്കാടയിൽ ബാലകർക്കായി വേഗത്തിൽ ഒരു മുറി പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

### LTI പെരിയമലൈ

**ബാബു പുഷ്പരാജ് & മേബൽ**

പോല കൊല്ലൈ, മൊകനഗകരൈ, കാലി ഖാട്ടം, സുക്കാൽ ബേടു എന്നീ ഗ്രാമങ്ങളിൽ കുട്ടികളുടെ യോഗം ക്രമീകരിക്കുവാൻ ദൈവം കൃപ ചെയ്തു. ഗല്ലീയൂർ, പെട്ടമുഗുലാലം, ഉരുളം ഫോർട്ട്, എന്നീ ഗ്രാമങ്ങളിൽ വേദപഠനക്ലാസ്സുകളും പ്രാർത്ഥനക്കൂട്ടങ്ങളും നടത്തി. സെന്റർ സോണിലെ മിഷനറിമാരുടെ ആത്മീക സംഗമത്തിൽ 85 മിഷനറിമാർ സംബന്ധിച്ചു. അവർ മടങ്ങിവരുന്ന വാഹനത്തെ വൈദ്യുത കമ്പിയിൽ നിന്നു പ്രവഹിച്ച അഗ്നിയിൽ നിന്നും ദൈവം വിടുവിച്ചു. തമിഴ്നാട് റീജിയനു വേണ്ടി നാഥംപാട്ടയിൽ നടത്തിയ യുവജന ക്യാമ്പിൽ 300 പേർ സംബന്ധിച്ചു. 20 ലധികം യൗവ്വനക്കാർ മിഷനറി വേലക്കായി തങ്ങളെ സമർപ്പിച്ചു.

വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ ക്ലാസ്സുകൾ നടത്തുന്ന ഗ്രാമങ്ങളിലെ രക്ഷിതാക്കളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും മുരുകനെ ദൈവം വിടുവിച്ചു. നേതൃത്വ പരിശീലന കേന്ദ്രത്തിലേക്കു വേഗത്തിൽ റോഡു നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പെരിയമലയിലെ ചുറ്റു മതിലിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അതിനെ എതിർക്കുന്ന പ്രവീൺ, ദേവനൈ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ചൗദരി രാജേഷ് ദാവലെ ബായി
അനിൽ മാഹാലി

**വാർളി തർജ്ജിമ**

**എബ്രഹാം ജി & ഹേമലത**



ലൂക്കോസിന്റെ സുവിശേഷം ദേവാരി ഭാഷയിലേക്കു തർജ്ജിമ ചെയ്യുന്നതിന്റെ ആദ്യ പാദം പൂർത്തീകരിച്ചു. മത്തായി, മർക്കൊസ്, ലൂക്കോസ്, യോഹന്നാൻ, സങ്കീർത്തനം, സദൃശ്യവാക്യം എന്നിവയടങ്ങുന്ന ഡോഗ്രി നിഗ്രി ഭാഷയിലെ പുസ്തകത്തിന്റെ അച്ചടി പുരോഗമിക്കുന്നു. ലൂക്കോസ്, യോഹന്നാൻ, അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം എന്നിവയുടെ പരിഭാഷ പ്രവർത്തനം തീരുന്നതോടു കൂടി ഡോക്രി മിസ്രി ഭാഷയിലെ പുതിയ നിയമത്തിന്റെ പരിഭാഷ പൂർത്തീകരിക്കപ്പെടും.



സങ്കീർത്തനവും സദൃശ്യവാക്യവും ഉൾപ്പെടുത്തിയ പുസ്തകം ഡോഗ്രി മാ നിസ്രി ഭാഷയിൽ അച്ചടിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗോദാവരി, പെയ്ന്റ്, സകയാത്രി ഗാന്ധി പുതിയ നിയമ അച്ചടി സംബന്ധിച്ച മിക്സഡ് കൺസൾട്ടേഷൻ മീറ്റിംഗ് നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കാഴ്ചയില്ലാത്ത മിഷനറി ഏബ്രഹാമിനും ബലഹീനയായ മകൾ ക്രിസ്റ്റിക്കും ആവശ്യമായ ദൈവകൃപ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാർളി ഭാഷയിൽ പാട്ടു പുസ്തകം പുനർ പ്രസിദ്ധീകരിക്കേണ്ടതിനായും വാലി ഭാഷയിലെ പാട്ടുകൾ പെൻ ഡ്രൈവിൽ ലഭ്യമാക്കേണ്ടതിനുമായി പ്രാർത്ഥിക്കുക

## യേശുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക!

ബൽസാന ഗ്രാമത്തിലെ 16 വയസ്സുള്ള കുമാരി. രാജ്ബായ് കഴിഞ്ഞ ഏഴു വർഷമായി നടക്കുവാൻ പ്രാപ്തിയില്ലാതെ എല്ലാ ആവശ്യങ്ങൾക്കും വീട്ടുകാരെ ആശ്രയിച്ചാണ് കഴിഞ്ഞത്. കഴിഞ്ഞ ജൂലൈ മാസം തെമ്പ ഗ്രാമത്തിൽ വിശ്വാസികളുടെ ഒരു യോഗം സംഘടിപ്പിച്ചു. നമ്മുടെ സ്വദ്ദേശ സുവിശേഷകരിൽ ഒരാളായ ദാനസിങ് രാജ്ബായിയുടെ കുടുംബത്തിനു യേശുവിനെ പരിചയപ്പെടുത്തിയിട്ടു പ്രാർത്ഥനക്കായി അവളെ യോഗത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു. ആഗസ്റ്റ് 13 ന് സത്തർപാട ഗ്രാമത്തിൽ നടത്തിയ ദേശീയ ഉപവാസ പ്രാർത്ഥനയിൽ രാജ് ബായിയെ വീണ്ടും കൂട്ടി കൊണ്ടു വന്നു. വിശ്വാസികളെല്ലാവരും കൂടി ചേർന്നു രാജ്ബായിക്കു വേണ്ടി പ്രാർത്ഥിച്ചു. സകല വൈദ്യന്മാരിലും ശ്രേഷ്ഠനായ യേശു കർത്താവ് രാജ്ബായിയെ തൊട്ടു സൗഖ്യമാക്കി. അവൾ തനിയെ എഴുന്നേറ്റു നിന്നു സാവാധാനത്തിൽ നടക്കുവാൻ തുടങ്ങി. അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തുകയും ചെയ്തു. അവൾ സാവാധാനത്തിൽ ആരോഗ്യം വീണ്ടെടുക്കുന്നു. എല്ലാ മഹത്വവും കർത്താവിനു മാത്രം!

# കോതമ്പു മണിയായി വീണു!



## റവ. ദീപ്തിലാൽ മാലി

(08.06.1980 - 17.11.2024)

സഹോദരൻ ദീപ്തീലാൽ മാലി ഒറിസ്സയിലെ പാരിസാൽ ഗ്രാമത്തിൽ ശ്രീ. മാർക്ക് മാലിയുടെയും ശ്രീമതി പിസാന്തിനി മാലിയുടെയും മകനായി 08/06/1980 ൽ ജനിച്ചു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്ന ദീപ്തിലാൽ പതിവായി ദൈവാലയത്തിൽ പോകുകയും ദൈവവചനം ധ്യാനിക്കുകയും ചെയ്തിരുന്നു. ചുറ്റുപാടുമുള്ളവർക്കു അവൻ നല്ലൊരു ബാലനായിരുന്നെങ്കിലും യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിഞ്ഞിരുന്നില്ല. സ്കൂൾ വിദ്യാഭ്യസ കാലത്തു FMPB 1996 ജൂൺ 18 നു ഗജപതിയിൽ നടത്തിയ ഒരു യുവജന ക്യാമ്പിൽ ദീപ്തിലാൽ പങ്കെടുത്തു. പ്രസംഗകൻ പാപത്തെയും അതിന്റെ അനന്തരഫലത്തെക്കുറിച്ചും പ്രസംഗിച്ചു. റോമർ 3:23 ലൂടെ ദൈവം അവനോടു സംസാരിച്ചു. അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സ്കൂൾ പഠനാനന്തരം സുവശേഷവേല ചെയ്യുന്നതിനുള്ള ദൈവവിളി ലഭിച്ചു. അങ്ങനെ തീയോളജിക്കൽ കോളജിൽ ചേർന്നു B.Th. പഠനം പൂർത്തീകരിച്ചു. തുടർന്നു സന്നദ്ധ സുവിശേഷകനായി FMPB യിൽ ചേർന്നു രണ്ടു വർഷം പ്രവർത്തിച്ചു. 2007 ൽ പുർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു. ബർണാലയിലുള്ള മാജ, കപുർത്തല, അഹമ്മദ്ഗഢ് മാണ്ഡി എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. ജീപ്പ് ടീമിലും പ്രവർത്തിച്ചിരുന്നു. നിരവധി ആളുകളുടെ ജീവിതങ്ങളെ സ്പർശിച്ച പ്രചോദനാത്മകവും ആവേശ ഭരിതനുമായ ഒരു മിഷനറിയായിരുന്നു ദീപ്തിലാൽ. മിതഭാഷിയായ അദ്ദേഹം സ്നേഹ സമ്പന്നനായിരുന്നു. മിഷൻ വയലിൽ ആവേശത്തോടെ പ്രവർത്തിച്ച ദീപ്തിലാൽ കഠിനാദ്ധ്വാനിയായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമത്താൽ അഹമ്മദ്ഗഢ് മാണ്ഡിയിൽ ഒരു ദൈവാലയം പണിതു. 11/5/2012 ൽ ശ്രീമതി. രേണുമ സാദങ്കിയെ വിവാഹം കഴിച്ചു. അവർ ഒരുമിച്ചു പഞ്ചാബിൽ കർത്താവിന്റെ വേല ചെയ്തു. 2021 ൽ അദ്ദേഹം കാൻസർ രോഗബാധിതനാണെന്നു കണ്ടെത്തി. സി.എം.സി വെല്ലൂരിലെ ചികിത്സയിലായിരുന്നു. ചികിത്സ നാളുകളിലും പഞ്ചാബിലെ ശുശ്രൂഷയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതക്കു മാറ്റമുണ്ടായില്ല. വേദന സഹിച്ചുകൊണ്ട് ആനന്ദത്തോടെ പഞ്ചാബിലെ ശുശ്രൂഷ തുടർന്നു. മരുന്നുകൾ കഴിക്കുമ്പോഴും ദീപ്തിലാൽ ഊർജ്ജസ്വലതയോടെ രാത്രി യോഗങ്ങൾ നടത്തുകയും ശുശ്രൂഷ തുടരുകയും ചെയ്തു. മോട്ടർ സൈക്കിൾ ഓടിക്കുവാൻ കഴിയാതെ വന്നപ്പോൾ കുടുംബത്തോടൊപ്പം ബസിൽ യാത്ര ചെയ്തു വേല ചെയ്തു. ഈ ശുശ്രൂഷക്കു കുടുംബാംഗങ്ങൾ അചഞ്ചലമായ പിന്തുണ നല്കി കൂടെ നിന്നു. അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. രേണുമ പ്രത്യാശയുടെ അടയാളമായി നിന്ന് രോഗാവസ്ഥയിൽ ദീപ്തിലാലിനെ ശക്തീകരിച്ചു. ഒരു ഘട്ടത്തിൽ അദ്ദേഹത്തിന്റെ കാൻസർ കോശങ്ങൾ അതിവേഗത്തിൽ പടരുന്നു എന്ന്

ഡോക്ടറന്മാർ സ്ഥിരീകരിച്ചു. എന്നാൽ എല്ലാ വേദനയോടും യാതനയോടും കൂടെ ദീപ്തിലാൽ തനിക്കു ഏറ്റവും പ്രീയപ്പെട്ട റിഥം പാഡും തബലയും മറ്റു സംഗീത ഉപകരണങ്ങളും വായിച്ചു കൊണ്ടിരുന്നു. അഞ്ചു വർഷം കാൻസറിനോടു മല്ലടിച്ച അദ്ദേഹത്തിനു നൽകുവാൻ ഇനി ഒരു ചികിത്സയും ഇല്ല എന്നു ഡോക്ടറന്മാർ വിധിയെഴുതി. ഈ അവസരത്തിൽ കുടുംബത്തോടൊപ്പം താമസിക്കുവാൻ നാട്ടിലേക്കു പോകുക അല്ലെങ്കിൽ ഒട്ടൻചിത്രത്തിലുള്ള MUT ൽ താമസിച്ചു വിശ്രമിക്കുക ഇതിലേതെങ്കിലും തിരഞ്ഞെടുക്കുവാൻ FMPB അദ്ദേഹത്തോടു ആവശ്യപ്പെട്ടു. അവർ ഒട്ടൻചിത്രത്തു താമസിച്ചു വിശ്രമിക്കുവാൻ തീരുമാനിച്ചു. നിത്യവാസത്തിലേക്കു പ്രവേശിക്കുന്നതിനു ഏതാനും ദിവസം മുമ്പ് അദ്ദേഹത്തിനു ശ്വാസ തടസ്സം നേരിട്ടതിനെ തുടർന്നു ICU വിൽ പ്രവേശിപ്പിച്ചു. ഒരു ചികിത്സയോടും അദ്ദേഹം പ്രതികരിച്ചില്ല. ദീപ്തിലാൽ തന്റെ ഓട്ടം തികെച്ചു 17/11/2024 ൽ മഹത്വത്തിൽ പ്രവേശിച്ചു.

ഭൗതിക ശരീരം ചെന്നയിലുള്ള ആസ്ഥാന മന്ദിരത്തിൽ കൊണ്ടുവന്നു. 18/11/2024 ൽ കുടുംബാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ആസ്ഥാന മന്ദിരത്തിലെ ശുശ്രൂഷകൾക്കു ശേഷം ഭൗതിക ശരീരം ചെന്നയിലെ ഒറഗദം സെമിത്തേരിയിൽ സംസ്കരിച്ചു.

അദ്ദേഹത്തിന്റെ പ്രീയ പത്നി രേണുമ, മക്കൾ – ആറാം ക്ലാസ്സിൽ പഠിക്കുന്ന മീഖായേൽ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന യിസ്രായേൽ – എന്നിവരെ നമ്മുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കാം. സർവ്വശക്തനായ ദൈവം സകലബുദ്ധിയെയും കവിയുന്ന ദൈവീക സമാധാനത്തിൽ അവരെ കാക്കുമാറാകട്ടെ.

റവ. വി പി ജപരാജ് – സെക്രട്ടറി HRD

# FINANCE DEPARTMENT




## FMPB Bank Account details for sending the offering through online transaction

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

# QR CODE

## facilities to send your offertory

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**




*He was born to set us free,*
*A Savior for all, for you and me.*
*He came to give eternal life,*
*To end our sorrow, pain, and strife.*

*He gave me a life that's new,*
*A promise of hope, forever true.*
*"I will return," He said with grace,*
*A King who'll come to take His place.*

*He rode on a colt, humble and mild,*
*Yet He will return, majestic and wild.*
*Make known the coming of the King,*
*The Lord of Lords, our praises sing.*

*Let our lives become a profound message,*
*Become the epistle that echoes around.*
*Let Jesus, our strength and guide,*
*Help us, O Lord, in You we confide.*

*Let this Christmas be more than a day,*
*Let its truth in our hearts forever stay.*
*A reality of love, pure and bright,*
*A gift of grace, our eternal light.*

*– S.M.S.*

**Published by:** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org **Printed by:** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***